# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XII
## (SUBJECT COMMITTEE XII)

## (ആരോഗ്യവും കുടുംബക്ഷേമവും)
## (HEALTH AND FAMILY WELFARE)

**പീരിയോഡിക്കൽ റിപ്പോർട്ട്**

**(2017 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31ST MARCH, 2017)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2017 മേയ് 22-ാം തീയതി സമർപ്പിച്ചത്**

**(Presented on 22nd May 2017)**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**തിരുവനന്തപുരം**

**2017**

**SECRETARIAT OF THE KERALA LEGISLATURE**

**THIRUVANANTHAPURAM**

**2017**

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII

# (SUBJECT COMMITTEE XII)

## (ആരോഗ്യവും കുടുംബക്ഷേമവും)

## (HEALTH AND FAMILY WELFARE)

പീരിയോഡിക്കൽ റിപ്പോർട്ട്

(2017 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH, 2017)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

786/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 12 |

## സബ്ജക്റ്റ് കമ്മിറ്റി XII

## ആരോഗ്യവും കുടുംബക്ഷേമവും

## (2016-2018)

### ഘടന

ചെയർപേഴ്സൺ:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,
ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ഗീതാ ഗോപി

ശ്രീ. സി. മമ്മൂട്ടി

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ. കാരാട്ട് റസാഖ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. പി. കെ. ശശി

ശ്രീ. ബി. സത്യൻ

ശ്രീ. വി. എസ്. ശിവകുമാർ

ശ്രീ. എ. കെ. ശശീന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2016-2018 കാലയളവിലെ സബ്ജക്ട് കമ്മിറ്റി XII, 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 26-7-2016, 4-8-2016, 11-8-2016, 20-9-2016, 27-10-2016, 27-12-2016, 24-3-2017, 29-3-2017 എന്നീ തീയതികളിലായി സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 26-7-2016, 4-8-2016 എന്നീ തീയതികളിലെ യോഗങ്ങൾ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായും 24-3-2017, 29-3-2017 എന്നീ തീയതികളിലെ യോഗങ്ങൾ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായും 27-12-2016-ലെ യോഗം ചട്ടം 235(എ) പ്രകാരമുള്ള വിഷയം ചർച്ച ചെയ്യുന്നതിനും മറ്റ് 3 യോഗങ്ങൾ സമിതിയുടെ പരിധിയിൽ വരുന്ന മറ്റ് വിഷയങ്ങൾ പരിഗണിക്കുന്നതിനും വേണ്ടിയായിരുന്നു. മേൽപ്പറഞ്ഞ സമിതിയോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ നില 73% ആയിരുന്നു.

ഈ റിപ്പോർട്ട് 5 ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി സൂക്ഷ്മ പരിശോധന നടത്തിയ ധനാഭ്യർത്ഥനകളെയും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെയും സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശവും മൂന്നാം ഭാഗത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശങ്ങളും നാലാം ഭാഗത്തിൽ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം ഭാഗത്തിൽ സമിതിയുടെ പരിഗണനാവിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ വാർഷികപ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വച്ചത് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തി യിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 18-5-2017-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. കെ. ശൈലജ ടീച്ചർ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2017 മേയ് 18.

## റിപ്പോർട്ട്

### ഭാഗം I

## സമിതി സൂക്ഷ്മ പരിശോധന നടത്തിയ ധനാഭ്യർത്ഥനകളും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളും

(1) ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 26-7-2016, 4-8-2016 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ 2016-17 സാമ്പത്തിക വർഷത്തെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ആയത് സംബന്ധിച്ച കരട് റിപ്പോർട്ട് 11-8-2016-ലെ സമിതിയോഗം അംഗീകരിക്കുകയും, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX—കുടുംബക്ഷേമം

ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം (2236-പോഷകാഹാരം)

(2) 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ആനുകാലിക റിപ്പോർട്ട് 20-9-2016-ൽ ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2016 ഒക്ടോബർ 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(3) സമിതിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 27-10-2016-ൽ ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2016 നവംബർ 7-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

### ഭാഗം II

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും

സമിതിയുടെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 20-9-2016-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

786/2017.

# ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16)

## ശിപാർശ

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ സർക്കാർ, സ്വാശ്രയ കോളേജുകളും പ്രൈവറ്റ് കോളേജുകളും നിലവിലുണ്ട്. ഈ സ്ഥാപനങ്ങളിലേക്ക് നിരന്തരം വിവിധ കാര്യങ്ങൾക്കായി ടെലിഫോൺ മുഖേന ബന്ധപ്പെടേണ്ടതായിട്ടുണ്ട്. എന്നാൽ ടെലിഫോൺ ചെലവിനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നു കാണുന്നതിനാൽ 79,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

## സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചിട്ടുള്ള 2210-05-001-98 എന്ന നോൺ പ്ലാൻ ശീർഷകത്തിൽ 06-ആർ.ആർ.ടി. എന്ന ശീർഷകം അനുവദിച്ചിട്ടില്ല എന്നും ഈ ശീർഷകത്തിൽ നിന്നും വഹിക്കേണ്ട പ്രോപ്പർട്ടി ടാക്സ് തുടങ്ങിയ ആവശ്യങ്ങൾ 24-മെറ്റീരിയൽ ആന്റ് സപ്ലൈസ് എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുകയാണ് ചെയ്തു വരുന്നത് എന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ 4-ാം നില കെട്ടിടത്തിന് കോർപ്പറേഷനിൽ നിന്ന് അനുമതി ലഭിക്കുകയും വാടക നിശ്ചയിക്കുകയും ചെയ്തിട്ടുള്ള സാഹചര്യം കൂടി നിലനിൽക്കുന്നതിനാൽ മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ എല്ലാം നേരിടുന്നതിനായി 2210-05-001-98-06-ആർ.ആർ.ടി. എന്ന ഉപശീർഷകം അനുവദിച്ച് ആയതിൽ 50,000 രൂപ നടപ്പ് വർഷത്തേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

## സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

ആയുർവ്വേദ കോളേജുകളിലെയും സബ്ഓഫീസുകളിലെയും കോളേജിന്റെ കീഴിലുള്ള മൂന്ന് ആശുപത്രികളിലും വെള്ളം വളരെ കൂടുതലായി ഉപയോഗിക്കേണ്ടി വരുന്നതിനാൽ വെള്ളക്കരം ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ 10 ലക്ഷം രൂപ അധികമായി ഈ ഹെഡിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

ആയുർവ്വേദ ഇന്റേൺഷിപ്പ് വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 15,000 രൂപ യായി വർദ്ധിപ്പിച്ചതിനാലും, പി.ജി. വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 25,000 രൂപയായി വർദ്ധിപ്പിച്ചതിനാലും ഈ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് കാണുന്നു. ആകയാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖാന്തരം 1,91,13,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

തിരുവനന്തപുരം ആയുർവ്വേദ ആശുപത്രികളിലേക്കും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലേക്കും വാങ്ങുന്ന അവശ്യ സാധനങ്ങളുടെ വിലയും ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് നൽകുന്ന ആഹാര സാധനങ്ങൾ, പാലുല്പന്നങ്ങൾ, എൽ.പി.ജി. ഗ്യാസ്, ക്ലീനിംഗ് സാധനങ്ങൾ മുതലായവയുടെ വിലയും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നു കാണുന്നു. ആകയാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ കോളേജിനു കീഴിലുള്ള മൂന്ന് ആശുപത്രികളിലേക്കും ആവശ്യമായ മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിലേക്കുള്ള അസംസ്കൃത മരുന്നുകൾ വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖാന്തരം 15,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

വൈദ്യുത ചെലവ്, ടെലിഫോൺ ചെലവ്, മറ്റിനങ്ങൾ തുടങ്ങിയ ഓഫീസ് ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 6 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖാന്തരം 4,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

കോളേജുകളിലെ പി.ജി. കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, എം.ജി. യൂണിവേഴ്സിറ്റി/കെ.യു.എച്ച്.എസ്. മുഖാന്തരമുള്ള രണ്ട് ബാച്ച് ഇന്റേൺഷിപ്പ് വിദ്യാർത്ഥികൾക്ക് അലവൻസ് എന്നിവ നൽകുന്നതിന് ഈ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 146.50 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖാന്തരം 1,78,60,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

കോളേജുകളിലേക്കും ഫാർമസിയിലേക്കും ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലാബ് ഉപകരണങ്ങൾ, രാസവസ്തുക്കൾ, രോഗികൾക്ക് ആവശ്യമായ മരുന്നുകൾ തുടങ്ങിയവ വാങ്ങുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

കോളേജിന്റെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, ജീവനക്കാരുടെ യൂണിഫോം എന്നിവയ്ക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

കോളേജിലെ ഗസ്റ്റ് ലക്ചറർമാർക്ക് റമ്യൂണറേഷൻ നൽകുന്നതിന് ഈ ശീർഷകത്തിൽ 4.74 ലക്ഷം രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 1,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ 4.74 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ പുതിയതായി പണികഴിപ്പിക്കുന്ന ലേഡീസ് ഹോസ്റ്റലിലെ അധിക നിലയിലെ മുറികൾ ഉപയോഗക്ഷമമാക്കുന്നതോടുകൂടി

വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവുണ്ടാകുമെന്നതിനാൽ നിലവിൽ വൈദ്യുതി ചെലവിനത്തിൽ അനുവദിച്ചിട്ടുള്ള തുക മതിയാവുകയില്ല എന്നതു പരിഗണിച്ച് ഈ ഇനത്തിൽ 1 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

ടെലിഫോൺ ചാർജ്ജിനത്തിൽ നിലവിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 30,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

വിവിധ ക്വാർട്ടേഴ്സുകളുടെ കെട്ടിട നികുതികൾ അടയ്ക്കേണ്ടതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

സ്കോളർഷിപ്പുകൾക്കും സ്റ്റൈപ്പന്റുകൾക്കുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 95 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

അഡീഷണൽ ആതറൈസേഷൻ മുഖാന്തരം 36,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

ഡീസൽ ചാർജ്ജിൽ വർദ്ധനയുണ്ടായതുമൂലമുള്ള അധിക ചെലവ് വഹിക്കേണ്ടി വരുമെന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 50,000 രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

ഐ.ടി. സംബന്ധമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് നിലവിൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക തീരെ പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതര ഇനത്തിൽ 11,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

പുതിയതായി പ്രവർത്തനം ആരംഭിച്ച എക്സ്റേ കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജ്, വൈദ്യുതി ചാർജ്ജിൽ പൊതുവേ ഉണ്ടായിട്ടുള്ള വർദ്ധനവ് എന്നിവ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമാവുകയില്ല എന്ന വസ്തുത പരിഗണിച്ച് പദ്ധതിയേതര ഇനത്തിൽ 3.69 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

ഡയറക്ടറേറ്റിലെ ടെലഫോൺ ചാർജ്ജിനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കാനായില്ല.

ശിപാർശ

വൈദ്യുത ചാർജ്ജിനത്തിൽ കുടിശ്ശിക തുക നൽകാനുള്ളതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതിയേതര ഇനത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കാനായില്ല.

ശിപാർശ

14 ജില്ലകളിലേയും ആയുർവേദ സ്ഥാപനങ്ങളിലെ രോഗികൾക്കായുള്ള ഭക്ഷണത്തിനും, കഷായം, ഭക്ഷണം എന്നിവ പാചകം ചെയ്യുന്നതിനുള്ള ഇന്ധന ചെലവിനുമായി നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക പദ്ധതിയേതരയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-198-50-24—വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം—സാധന സാമഗ്രികൾ—5 ലക്ഷം

2210-02-197-50-24—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം—സാധന സാമഗ്രികൾ—20 ലക്ഷം

2210-02-196-50-24—ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം സാധന സാമഗ്രികൾ—2 ലക്ഷം

2210-02-192-50-24—മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കുമുള്ള ധനസഹായം—സാധന സാമഗ്രികൾ—40 ലക്ഷം

2210-02-191-50-24-മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം—സാധന സാമഗ്രികൾ—1.5 ലക്ഷം

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക തുക അനുവദിക്കാനായില്ല.

ശിപാർശ

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിൽ പുതിയ ഇൻപേഷ്യന്റ് വിഭാഗവും മികച്ച ഉപകരണങ്ങൾ ഉൾപ്പെടെയുള്ള പുതിയ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ദൈനംദിനപ്രവർത്തനങ്ങൾക്കുള്ള ചെലവ്, ശമ്പളം, വേതനം, ശമ്പളേതര ചെലവുകൾ എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 145.8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതുകൂടാതെ ഇൻപേഷ്യന്റ് വിഭാഗത്തിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പഠന ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ധനകാര്യ കമ്മീഷന്റെ സഹായത്തോടുകൂടി നടന്നു വരുന്ന നൂതന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുകയും പര്യാപ്തമല്ലെന്നു കാണുന്നതിനാൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-31)

സ്വീകരിച്ച നടപടി

2014-15 സാമ്പത്തികവർഷം ഇൻസ്റ്റിറ്റ്യൂട്ടിനായി പദ്ധതിയിനത്തിൽ 300 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇതിൽ പദ്ധതിയിനത്തിൽ 250 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും റിലീസ് ചെയ്യുതരുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിനത്തിൽ ബാക്കിയുള്ള 50 ലക്ഷം രൂപ ഇ-ലെഡ്ജറിൽ ഉൾപ്പെടുത്തിയിരുന്നു.

നടപ്പുസാമ്പത്തികവർഷത്തിൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 54.20 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ ഇതിനോടകം റിലീസ് ചെയ്തു കഴിഞ്ഞു. പദ്ധതിയേതരയിനത്തിൽ 25 ലക്ഷം രൂപ റിലീസ് ചെയ്തു കൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു ബാക്കിയുള്ള 29.20 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ഭാഗം III

## ലബോറട്ടറികളുടെ ശാക്തീകരണം എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ സമിതിയുടെ ശിപാർശയും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയും

### ശിപാർശ

തൃശ്ശൂർ, പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളിൽകൂടി പുതിയതായി മൂന്ന് പരിശോധനാ ലാബുകൾ തുടങ്ങാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

### സ്വീകരിച്ച നടപടി

**ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തൃശ്ശൂർ**

തൃശ്ശൂർ മെഡിക്കൽ കോളേജ് വളപ്പിൽ 50 സെന്റ് സ്ഥലം സർക്കാർ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കൈമാറിയിരുന്നു. കെട്ടിടനിർമ്മാണത്തിനായി അനുവദിച്ച 500 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പ് കെട്ടിടത്തിന്റെ മൂന്നു നിലയുടെയും പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, പത്തനംതിട്ട**

2014-15 വർഷത്തിൽ തന്നെ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിൽ പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി കെട്ടിടം പണിയുന്നതിനായി സർക്കാർ ഒരേക്കർ സ്ഥലം ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കൈമാറിയിട്ടുണ്ട്. 510 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പ് പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, കോഴിക്കോട്**

കോഴിക്കോട് ജില്ലയിൽ പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി കെട്ടിടം പണിയുന്നതിനായി സർക്കാർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ 15 സെന്റ് സ്ഥലവും കെട്ടിടനിർമ്മാണത്തിനായി 500 ലക്ഷം രൂപയും അനുവദിച്ചിരുന്നു. തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## ഭാഗം IV

## ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശം

"സർക്കാർ ആശുപത്രികളിൽ കാൻസർ രോഗനിർണ്ണയവും ചികത്സയും എന്ന വിഷയം സംബന്ധിച്ച് 27-12-2016-ലെ സമിതിയോഗം ചർച്ച ചെയ്തു.

## ഭാഗം V

## സഭയുടെ മേശപ്പുറത്തുവച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച വിവരം

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|
| 2015-16 | XVIII (വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും) XIX (കുടുംബക്ഷേമം) | 8-11-2016 |

കെ. കെ. ശൈലജ ടീച്ചർ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2017 മേയ് 18.

അനുബന്ധം

## ആരോഗ്യവും കുടുംബക്ഷേമവും

(26-7-2016-ലെ യോഗനടപടിക്കുറിപ്പ്)

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII, 2016 ജൂലൈ 26 ചൊവ്വാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.
2. ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.
3. ശ്രീ. സി. മമ്മൂട്ടി, എം.എൽ.എ.
4. ശ്രീമതി യു. പ്രതിഭ ഹരി, എം.എൽ.എ.
5. ശ്രീ. കാരാട്ട് റസാഖ്, എം.എൽ.എ.
6. ശ്രീ. പി. കെ. ശശി, എം.എൽ.എ.
7. ശ്രീ. ബി. സത്യൻ, എം.എൽ.എ.
8. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. രാജീവ് സദാനന്ദൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
2. ശ്രീ. ബി. അശോക്, സെക്രട്ടറി, ആയുഷ് വകുപ്പ്
3. ശ്രീ. ജേക്കബ് കോശി, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
4. ശ്രീ. ആർ. വേണുഗോപാലൻ ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി, ആയുഷ് വകുപ്പ്
5. ശ്രീ. എം. അനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
6. ഡോ. പി. എ. സുരേഷ്, ഡയറക്ടർ, ഐക്കോൺസ്
7. ഡോ. അനിതാ ജേക്കബ്, ഡയറക്ടർ, ഐ.എസ്.എം.
8. ഡോ. കെ. ജമുന, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹോമിയോപ്പതി
9. ഡോ. എ. റംലാബീവി, ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ
10. ശ്രീ. പി. ഹരിപ്രസാദ്, ഡ്രഗ്സ് കൺട്രോളർ
11. ഡോ. ആർ. രമേഷ്, ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്.
12. ഡോ. എ. നളിനാക്ഷൻ, പ്രോ വൈസ് ചാൻസലർ, കെ.യു.എച്ച്.എസ്.
13. ഡോ. പി. കെ. അശോക്, ഡി.എ.എം.ഇ.
14. ശ്രീ. ഗോപീകൃഷ്ണൻ. ജി.ആർ, അക്കൗണ്ട്സ് ഓഫീസർ, ഐക്കോൺസ്
15. ശ്രീ. ജി. ജോസ്, അഡ്മിനിസ്ട്രേഷൻ ഓഫീസർ, ഐക്കോൺസ്
16. ശ്രീ. ആർ. സജീവ്, കൺട്രോളർ (ഫിനാൻസ്) ആർ.സി.സി.
17. ശ്രീ. ഡി. സതീശൻ, ഡയറക്ടർ, എം.സി.സി.
18. ശ്രീ. ഗോകുൽ ജി.ആർ. ഡയറക്ടർ, എൻ.ആർ.എച്ച്.എം., എം.ഡി. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ
19. ശ്രീ. ജി. ഗോപകുമാർ, ആർ.ഒ, ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ്
20. ശ്രീ. വി. എൻ. ഗോപിനാഥൻ, ജോയിന്റ് ഡയറക്ടർ (ഐ.എസ്.എം.)
21. ശ്രീ. രാമചന്ദ്ര. വി.വി.എച്ച്. (എസ്.ഡി.)എൻ.എച്ച്.എം.

22. ശ്രീ. ആർ. ജബ്ബാർ, ഡയറക്ടർ-ഇൻ-ചാർജ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്

23. ശ്രീ. ആർ. വിജയൻ, ഫിനാൻസ് ഓഫീസർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്

24. ഡോ. സി.കെ. ജഗദീശൻ, അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്

25. ശ്രീമതി ബി. നീന, സീനിയർ എഫ്.ഒ., ഡി.എച്ച്.എസ്.

സബ്ജക്ട് കമ്മിറ്റി XII (2016-18)-ന്റെ പ്രഥമ യോഗത്തിലേക്ക് ഏവരെയും ക്ഷണിച്ചുകൊണ്ടും പരസ്പരം പരിചയപ്പെട്ടുകൊണ്ടും സമിതി ചെയർമാൻ യോഗനടപടികൾ ആരംഭിച്ചു.

സബ്ജക്ട് കമ്മിറ്റിയുടെ രൂപീകരണവും, കഴിഞ്ഞകാല പ്രവർത്തനങ്ങളും സംബന്ധിച്ച ഒരു ലഘുവിവരണം ആമുഖമായി സമിതി ചെയർമാൻ നൽകുകയുണ്ടായി.

2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ആരോഗ്യകുടുംബ ക്ഷേമവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XVIII (വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും) ധനാഭ്യർത്ഥന നമ്പർ XIX (കുടുംബക്ഷേമം) എന്നിവയിന്മേൽ സമിതി സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയും പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XVIII

## വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ആരോഗ്യവകുപ്പിന് മാർഗ്ഗനിർദ്ദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നയരേഖ ആരോഗ്യകുടുംബക്ഷേമ വകുപ്പ് സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. ആരോഗ്യ വകുപ്പിൽ (ആയുഷ് വകുപ്പ് ഉൾപ്പെടെ) പ്ലാൻ സ്കീമിൽ 1013 കോടി രൂപയും നോൺ പ്ലാനിൽ 3888 കോടി രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് 1028 കോടി രൂപയും ആണ് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു

ആശുപത്രികളിലെ സ്റ്റാഫിന്റെ അഭാവത്തെക്കുറിച്ചും നേരിടുന്ന മറ്റ് അടിസ്ഥാനപരമായ പ്രശ്നങ്ങളെക്കുറിച്ചും യോഗത്തിൽ ചർച്ചചെയ്യുകയുണ്ടായി.

പീഡനത്തിനിരയായി ചികിത്സക്കുവേണ്ടി ആശുപത്രിയിൽ എത്തിക്കുന്ന സ്ത്രീകളിൽ ജെൻഡർ വയലൻസ് ഉള്ള ആൾക്കാരെ മാനേജ്ചെയ്യാൻ പ്രത്യേക പരിശീലനം നേടിയ

ഡോക്ടറുടെയും നഴ്സിന്റെയും സേവനം ലഭ്യമാക്കുന്നതിനോടൊപ്പം കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യവും ലീഗൽ അഡ്വൈസറുടെ സേവനവും കൗൺസിലിങ്ങും നൽകുന്ന 'ഭൂമിക' എന്ന പദ്ധതി എല്ലാ ജില്ലാ താലൂക്ക് ആശുപത്രിയിലേക്കും വ്യാപിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കാൻസർ രോഗവുമായി ബന്ധപ്പെട്ട പ്രവർത്തനത്തെപ്പറ്റിയും സാധ്യതകളെക്കുറിച്ചും അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ കൊച്ചിയിൽ ഒരു പുതിയ കാൻസർ സെന്റർ ആരംഭിക്കുന്നതിന്റെയും എല്ലാ മെഡിക്കൽ കോളേജുകളിലും ഒരു Comprehensive Cancer Management Centre ആരംഭിക്കേണ്ടതിന്റെയും ആവശ്യകതയും സമിതിയെ ബോധിപ്പിച്ചു. ശാസ്ത്രീയമല്ലാത്ത രീതിയിലുള്ള കാൻസർ സ്ക്രീനിംഗ് വളരെ അപകടകരമാണെന്നും ആയതിനാൽ കാൻസർ സ്ക്രീനിംഗ് സംബന്ധിച്ച് ഒരു പോളിസി രൂപീകരിക്കേണ്ടത് ആവശ്യമാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി.

108 ആംബുലൻസ് സർവ്വീസ് എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

## ആരോഗ്യ വകുപ്പ്

2210-01-001-95-34—<u>മോണിറ്ററിംഗ് സെൽ മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനവും കമ്പ്യൂട്ടറൈസേഷനും</u>

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും കമ്പ്യൂട്ടറുകളും സ്കാനറുകളും നെറ്റ് വർക്കിംഗ് അക്സസറികളും വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-14—<u>പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ</u>

സംസ്ഥാനത്തെ 17 ആശുപത്രികളിൽ പത്ത് ഡയാലിസിസ് മെഷിനുകളോടുകൂടിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യ വികസനം, തസ്തിക സൃഷ്ടിക്കൽ,

അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നീ ഇനങ്ങളിലായി ഒരു യൂണിറ്റിന് 3.6 കോടി രൂപ ചെലവ് വരുമെന്ന് സമിതി വിലയിരുത്തുന്നു. ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 6120 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-15—കൊല്ലം, എറണാകുളം, കോഴിക്കോട് ആശുപത്രികളിൽ കാത്ത് ലാബും, ഐ.സി.യു.-വും സ്ഥാപിക്കൽ

ജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ഹൃദ്രോഗങ്ങൾ കണക്കിലെടുത്ത് കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ആശുപത്രികളിൽ കാത്ത് ലാബും ഐ.സി.യു. യൂണിറ്റും ആരംഭിക്കുന്നതിനായി ഓരോ ആശുപത്രിയുടെയും അടിസ്ഥാന സൗകര്യവികസനം, അവശ്യതസ്തിക സൃഷ്ടിക്കൽ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവ നിർവ്വഹിക്കുന്നതിനും പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്ന സ്ഥാപനങ്ങളിൽ പദ്ധതി പൂർത്തീകരണത്തിനായും നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തി. ആകയാൽ ഈ ശീർഷകത്തിൽ 6000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-35—ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ

സർക്കാർ ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ നടപ്പിലാക്കുക, ആരോഗ്യ വകുപ്പ് കാര്യാലയത്തിന് കീഴിലുള്ള സ്ഥാപനങ്ങൾ നവീകരിക്കുക, ആശുപത്രിയിലേക്കുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഈ ശീർഷകത്തിൽ 1625 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-47—ദേശീയ ഡിപ്ലോമാറ്റ് ബോർഡ്

ആരോഗ്യവകുപ്പിലെ ആശുപത്രികളിൽ ഡിപ്.എൻ.ബി. കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2015-16 സാമ്പത്തിക വർഷത്തിൽ സ്റ്റൈപ്പന്റ് ഇനത്തിൽ 31.71 ലക്ഷം രൂപ കുടിശ്ശിക നൽകാനുണ്ടെന്നും സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ, വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റും കുടിശ്ശികയും കൂടി നൽകുവാൻ നിലവിൽ വകയിരുത്തിയ വിഹിതം പര്യാപ്തമല്ല എന്നും സമിതി വിലയിരുത്തി. ആകയാൽ 35 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4210-01-110-66—സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രികൾ

തലശ്ശേരിയിൽ പുതിയതായി ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും അവശ്യ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 5000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4210-01-110-74—ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള നിർമ്മാണ ജോലികൾ

നടപ്പുവർഷം ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനും കോഴിക്കോട് പണിയാനുദ്ദേശിക്കുന്ന റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിന്റെ നിർമ്മാണത്തിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്ത തിനാൽ ഈ ശീർഷകത്തിൽ 893 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-01-110-83—മാനസിക ആരോഗ്യ കേന്ദ്രം, കോഴിക്കോട്

കോഴിക്കോട് മാനസിക ആരോഗ്യ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

ആശുപത്രിയുടെ നവീകരണവും ആധുനിക ഉപകരണങ്ങളുടെ ഉപയോഗവും മൂലം കൂടുതൽ അളവിൽ വൈദ്യുതിയും വെള്ളവും ഉപയോഗിക്കേണ്ടിവരുന്നതായി സമിതി മനസ്സിലാക്കി. വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും ഈ ഇനത്തിലുള്ള കുടിശ്ശികയും അടയ്ക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-01-110-83-05-1 എന്ന ശീർഷകത്തിൽ 150 ലക്ഷം രൂപയും 2210-01-110-83-05-2 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-99—ആശുപത്രികളും ഡിസ്പെൻസറികളും

കാഷ്വാലിറ്റികളില്ലാത്ത താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിന് 148 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ തസ്തികയും, തൊടുപുഴ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന്റെ ആവശ്യത്തിലേക്കായി

15 അധിക തസ്തികയും സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുള്ളതിനാൽ നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 1060.90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-01-110-99-05-1—<u>ആശുപത്രികളും ഡിസ്പെൻസറികളും—വെള്ളക്കരം</u>

2210-01-110-99-05-2—<u>വൈദ്യുതിചാർജ്ജ്</u>

2210-01-110-99-34-1—<u>വെള്ളക്കരം</u>

2210-01-110-99-34-2—<u>വൈദ്യുതി ചാർജ്</u>

വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും ഈ ഇനത്തിലുള്ള കടിശ്ശികയും അടയ്ക്കുന്നതിന് നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-01-110-99-05-1 എന്ന ശീർഷകത്തിൽ 8.6 ലക്ഷം രൂപയും 2210-01-110-99-05-2 എന്ന ശീർഷകത്തിൽ 91.10 ലക്ഷം രൂപയും 2210-01-110-99-34-1 എന്ന ശീർഷകത്തിൽ 340.50 ലക്ഷം രൂപയും 2210-01-110-99-34-2 എന്ന ശീർഷകത്തിൽ 470.76 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-03-110-99—<u>ആശുപത്രികളും ഡിസ്പെൻസറികളും, ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ</u>

പൂത്തോട്ട പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനും, വയനാട് ജില്ലയിലെ തവിഞ്ഞാലിൽ ഒരു പുതിയ പ്രാഥമിക ആരോഗ്യ കേന്ദ്രം തുടങ്ങുന്നതിനും ആവശ്യമുള്ള അധിക തസ്തികകൾ സൃഷ്ടിക്കുവാൻ അനുമതി നൽകി ഉത്തരവായിട്ടുള്ളതിനാൽ നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തി. ആകയാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-01-001-98-05-2—ജില്ലാ മെഡിക്കൽ ഓഫീസുകൾ—വൈദ്യുതി ചാർജ്ജ്

വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിചാർജ്ജും ഈ ഇനത്തിലുള്ള കുടിശ്ശികയും അടയ്ക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-03-103-99-34-1—പ്രാഥമിക ആരോഗ്യകേന്ദ്രം—വെള്ളക്കരം

വർദ്ധിച്ച നിരക്കിലുള്ള വെള്ളക്കരവും ഈ ഇനത്തിലുള്ള കുടിശ്ശികയും അടയ്ക്കുന്നതിന് നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-105-74—ജില്ലാആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സുമാരുടെയും പരിശീലനം

ആശുപത്രികളുടെ നവീകരണവും ആധുനിക ഉപകരണങ്ങളുടെ ഉപയോഗവുംമൂലം കൂടുതൽ അളവിൽ വൈദ്യുതിയും വെള്ളവും ഉപയോഗിക്കേണ്ടിവരുന്നതായി സമിതി മനസ്സിലാക്കുന്നു. വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും ഈ ഇനത്തിലുള്ള കുടിശ്ശികയും അടയ്ക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-05-105-74-05-1 എന്ന ശീർഷകത്തിൽ 1.5 ലക്ഷം രൂപയും 2210-05-105-74-05-2 എന്ന ശീർഷകത്തിൽ 1.5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

മെഡിക്കൽ ഹൗസ് സർജൻമാരുടേയും മെഡിക്കൽ ജൂനിയർ, സീനിയർ റെസിഡന്റുമാരുടേയും ഡെന്റൽ, നഴ്സിംഗ്, പി.ജി വിദ്യാർത്ഥികളുടെയും പ്രതിമാസ സ്റ്റൈപ്പന്റ് നിരക്കിൽ വന്ന വർദ്ധനവിനെ തുടർന്നുള്ള അധിക ബാധ്യത വഹിക്കുന്നതിന് സ്കോളർഷിപ്പ് & സ്റ്റൈപ്പന്റ് ഇനത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി.

ഇക്കാര്യം വിശദമായി പരിശോധിച്ച സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്കായി ആകെ 7592.81 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-05-105-98-12—അലോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം—751.70 ലക്ഷം രൂപ

2210-05-105-97-12—അലോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്—1938 ലക്ഷം രൂപ

2210-05-105-96-12—അലോപ്പതി മെഡിക്കൽ കോളേജ്, കോട്ടയം—630 ലക്ഷം രൂപ

2210-05-105-95-12—അലോപ്പതി മെഡിക്കൽ കോളേജ്, ആലപ്പുഴ—363 ലക്ഷം രൂപ

2210-05-105-94-12—അലോപ്പതി മെഡിക്കൽ കോളേജ്, തൃശ്ശൂർ—725 ലക്ഷം രൂപ

2210-05-105-49-12—മെഡിക്കൽ കോളേജ്, പൈനാവ്, ഇടുക്കി—33.40 ലക്ഷം രൂപ

2210-05-105-47-12—മെഡിക്കൽ കോളേജ്, കൊച്ചി, എറണാകുളം—350.12 ലക്ഷം രൂപ

2210-05-105-35-12—മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി കാമ്പസ്, തിരുവനന്തപുരം—2278.80 ലക്ഷം രൂപ

2210-05-105-93-12—ദന്തൽ കോളേജ്, കോഴിക്കോട്—126.13 ലക്ഷം രൂപ

2210-05-105-92-12—ദന്തൽ കോളേജ്, തിരുവനന്തപുരം—118.78 ലക്ഷം രൂപ

2210-05-105-34-12—ദന്തൽ കോളേജ്, കോട്ടയം—120.70 ലക്ഷം രൂപ

2210-05-105-42-12—നഴ്സിംഗ് കോളേജ്, തിരുവനന്തപുരം—120 ലക്ഷം രൂപ

2210-05-105-41-12—നഴ്സിംഗ് കോളേജ്, കോട്ടയം—3.68 ലക്ഷം രൂപ

2210-05-105-33-12—നഴ്സിംഗ് കോളേജ്, തൃശ്ശൂർ—33.50 ലക്ഷം രൂപ

## ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കൊഗ്നിറ്റീവ് ന്യൂറോ സയൻസ്

(ഐക്കോൺസ്)

2210-05-105-36—ജ്ഞാന ഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റി

ഐക്കോൺസിൽ നടപ്പിലാക്കി വരുന്ന വ്യക്തികളുടെ വിഭിന്ന ശേഷിക്ക് ആവശ്യമായിട്ടുള്ള പ്രത്യേക ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾക്കും, വിദഗ്ധ ഡോക്ടർമാരുടെയും തെറാപ്പിസ്റ്റുകളുടെയും സ്പെഷ്യൽ അധ്യാപകരുടെയും സേവനത്തിനും അക്കാഡമിക് ബ്ലോക്കുകളുടെ നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനും ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾക്കുമായി നടപ്പുസാമ്പത്തികവർഷം

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 162 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 187 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ഭക്ഷ്യസുരക്ഷാ വകുപ്പ്

### ഭക്ഷ്യകാര്യഭരണം

2210-06-102-99-97—<u>വാഹനങ്ങളുടെ വാടക</u>

ഓഫീസ് ആവശ്യത്തിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉൾപ്പെടെ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലെ സംസ്ഥാനതല ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ ഈ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-06-102-99-04-1—<u>യാത്രാബത്ത</u>

ഭക്ഷ്യസുരക്ഷാ കമ്മീഷണർ, സംസ്ഥാനതല ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്കും ശബരിമല മണ്ഡല മകരവിളക്ക് കാലയളവിൽ പമ്പ, എരുമേലി, സന്നിധാനം എന്നിവിടങ്ങളിൽ ജോലിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥർ, കേസ്സുമായി ബന്ധപ്പെട്ട് വിവിധ കോടതി ഡ്യൂട്ടിക്ക് ഹാജരാകേണ്ട ഉദ്യോഗസ്ഥർ എന്നിവർക്കും നൽകേണ്ട യാത്രാബത്ത ഇനത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 21 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-102-99-06—<u>വാടക, കരം, നികുതി</u>

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിലുള്ള 80 ഓളം ഫുഡ് സേഫ്റ്റി സർക്കിൾ ഓഫീസുകൾ കോട്ടയം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിലെ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരുടെ ഓഫീസുകൾ എന്നിവ വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയ്ക്ക് വാടക നൽകുന്ന ഇനത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

# മലബാർ കാൻസർ സെന്റർ

## മലബാർ കാൻസർ സെന്ററിനുള്ള സഹായം

2210-05-200-96-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

2210-05-200-96-36—സഹായധനം ശമ്പളേതരം

മലബാർ കാൻസർ സെന്ററിൽ ന്യൂക്ലിയർ മെഡിസിൻ കെട്ടിടം നിർമ്മിക്കുക, ജെറിയാട്രിക് ഓങ്കോളജി സേവനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുക തുടങ്ങി നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വികസനപ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 970 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

# റീജിയണൽ കാൻസർ സെന്റർ

2210-05-105-52-36—പ്രാദേശിക അർബുദ ചികിത്സാകേന്ദ്രം സഹായധനം—ശമ്പളേതരം

പുതിയതായി അനുവദിക്കുന്ന നാഷണൽ പെൻഷൻ സ്കീം നടപ്പിലാക്കുന്നതിന് തൊഴിൽ ഉടമാ വിഹിതമായ തുക നൽകേണ്ടതുള്ളതിനാൽ ഈ തുക നൽകുന്നതിനായി 2210-05-105-52-36 എന്ന ശീർഷകത്തിൽ 187.39 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

# ഡ്രഗ്സ് കൺട്രോൾ വകുപ്പ്

2210-06-104-98-01—മരുന്നു പരിശോധനശാല—ശമ്പളം

എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ അപ്ഗ്രേഡ് ചെയ്ത തസ്തിക ഉൾപ്പെടെ പുതിയതായി അനുവദിച്ച 50 തസ്തികകളിലേക്ക് ശമ്പള ഇനത്തിൽ ആവശ്യമായ തുക നടപ്പുവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല എന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 224 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-06-104-99-06—ഔഷധ നിയന്ത്രണ കാര്യാലയം—വാടക, കരം, നികുതി

സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിലേക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-104-99-34-3—ഔഷധ നിയന്ത്രണ കാര്യാലയം—മറ്റ് ചെലവുകൾ

മരുന്ന സാമ്പിളുകളുടെ പരിശോധനയ്ക്കായി അനുവദിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാലാണ് വിലകൂടിയ മരുന്നുകളുടെ പരിശോധന നടത്താൻ സാധിക്കാത്തതെന്നും മുൻ വർഷങ്ങളിലായി 5 ലക്ഷം രൂപ കടിശ്ശിക ഇനത്തിൽ കൊടുത്തു തീർക്കാനുണ്ടെന്നും സമിതി വിലയിരുത്തി. നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-06-104-99-05-2—വൈദ്യുതി ചെലവ്

മരുന്ന പരിശോധന ലാബുകളിലെ ആധുനിക ഉപകരണങ്ങളുടെ ഉപയോഗവും വൈദ്യുതി നിരക്ക് വർദ്ധനവ് മൂലമുള്ള അധിക ചെലവുകൾക്കുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയത് ലാബുകളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുമെന്ന് സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടു. ആകയാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## നാഷണൽ ഹെൽത്ത് മിഷൻ

2210-06-101-19—ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60:40)

2016-17 സാമ്പത്തിക വർഷം സംസ്ഥാനത്ത് 506.41 കോടി രൂപയുടെ NHM പദ്ധതി ആണ് കേന്ദ്രം അംഗീകരിച്ചിട്ടുള്ളത്. ഇതിൽ സംസ്ഥാന വിഹിതമായി അനുവദിക്കേണ്ടത് 202.2 കോടി രൂപ ആണ്. 2015-16 സാമ്പത്തിക വർഷം സംസ്ഥാന വിഹിതത്തിൽ കടിശ്ശിക വന്നിട്ടുള്ള 91.03 കോടി രൂപ അനുവദിച്ചു നൽകിയാൽ മാത്രമേ 2016-17 സാമ്പത്തിക വർഷത്തിൽ ദേശീയ ആരോഗ്യ ദൗത്യത്തിലുള്ള കേന്ദ്രവിഹിതം മുഴുവനായും സംസ്ഥാനത്തിന് ലഭിക്കുകയുള്ളൂ എന്ന് സമിതി വിലയിരുത്തി. നടപ്പുവർഷം പദ്ധതി പൂർത്തീകരണത്തിനായി 87.41 കോടി രൂപയും മുൻവർഷത്തെ കടിശ്ശിക 91.03 കോടി രൂപയും ഉൾപ്പെടെ 178.44 കോടി രൂപ അധികമായി ആവശ്യമായിട്ടുണ്ടെന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടു. നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ 178.44 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-06-112-98—ആശാവർക്കർമാർക്കുള്ള അലവൻസ്

ബഡ്ജറ്റ് പ്രസംഗത്തിൽ ആശാവർക്കർമാരുടെ പ്രതിമാസ ഓണറേറിയം 1000 രൂപയിൽ നിന്ന് 1500 രൂപ ആയി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപനമുള്ളതിനാൽ

അധികമായി 1585.76 ലക്ഷം രൂപ വേണ്ടിവരുന്നതിനാലും മുൻവർഷം കുടിശ്ശിക ഇനത്തിൽ 449 ലക്ഷം രൂപ വിതരണം ചെയ്യാനുള്ളതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2035 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

2210-05-001-93 -5—<u>മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ</u>

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ മറ്റ് പദ്ധതികൾക്കു പുറമേ യൂട്ടിലിറ്റി മന്ദിരത്തിന്റെ നിർമ്മാണം, സെനറ്റ് ഹാളിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-001-93-31—<u>സഹായധനം—ശമ്പളം</u>

മെഡിക്കൽ സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല എന്നും കഴിഞ്ഞ വർഷം സർവ്വകലാശാലയുടെ സ്വന്തം ഫണ്ടിൽ നിന്നടക്കം 6.41 കോടി രൂപ ശമ്പളയിനത്തിൽ ചെലവായിട്ടുള്ളതായും സമിതി വിലയിരുത്തി. ആകയാൽ ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

2210-01-200-93—<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്</u>

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന്റെ "എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് ആന്റ് ജെറിയാട്രിക് കെയർ" എന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും ആവശ്യമായ ഫർണിച്ചറുകളും മറ്റ് മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിലേക്കുമായി നടപ്പുവർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 172 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-01-200-93-31—ശമ്പളം

2210-01-200-93-36—ശമ്പളേതരം

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനും, മറ്റ് ചെലവുകൾ, ലബോറട്ടറിയിലേക്ക് ആവശ്യമായ റീ ഏജൻസ്, ഫാർമസി എന്നീ ആവശ്യങ്ങൾക്കുമായി നടപ്പുവർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെ പറയുന്ന ശീർഷകങ്ങൾക്കു നേരേ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-01-200-93-31-ശമ്പളം—50.32 ലക്ഷം രൂപ

2210-01-200-93-36—ശമ്പളേതരം—37.90 ലക്ഷം രൂപ

XVIII-ാം നമ്പർ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുന്ന ആയുഷ് വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സമയക്കുറവ് കാരണം സമിതിയുടെ 4-8-2016-ലെ യോഗത്തിൽ പരിഗണിക്കുന്നതിലേക്ക് മാറ്റി വയ്ക്കണമെന്ന് സമിതി തീരുമാനിച്ചു

## ധനാഭ്യർത്ഥന നമ്പർ XIX—കുടുംബക്ഷേമം

കുടുംബക്ഷേമ വിഭാഗത്തിലുള്ള സ്ഥിരം ജീവനക്കാരുടെ ശമ്പളത്തിനും ആരോഗ്യ കുടുംബക്ഷേമ വിഭാഗത്തിന്റെ നടത്തിപ്പിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 448 കോടി രൂപ അനുവദിക്കുകയും 327 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുള്ളതാണെന്നും, ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം ഇതുവരെ 100 കോടി രൂപയ്ക്ക് മേൽ ചിലവായിട്ടുണ്ടെന്നും സമിതി വിലയിരുത്തി. കുടുംബക്ഷേമ വിഭാഗത്തിന്റെ സുഗമമായ നടത്തിപ്പിനും, ജീവനക്കാരുടെ ശമ്പളത്തിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ ചുവടെ ചേർക്കും പ്രകാരം അധികമായി തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2211-00-003-96—പ്രാദേശിക കുടുംബക്ഷേമ പരിശീലന കേന്ദ്രങ്ങൾ

01-1 —ശമ്പളം—129.02 ലക്ഷം രൂപ

01-2—ക്ഷാമബത്ത—70 ലക്ഷം രൂപ

2211-00-101-94— ഐ.സി.ഡി.എസ്. പ്രവർത്തന വികസനം

01-1—ശമ്പളം—533.38 ലക്ഷം രൂപ

01-2—ക്ഷാമബത്ത—480 ലക്ഷം രൂപ

2211-00-109-98— പ്രജനനം ശിശുസേവന പദ്ധതി

01-1—ശമ്പളം—54.9 ലക്ഷം രൂപ

01-2—ക്ഷാമബത്ത—24.22 ലക്ഷം രൂപ

2211-00-200-91—കിടക്കകൾ, വന്ധ്യീകരണ യൂണിറ്റുകൾ ഇവയുടെ സംരക്ഷണം

01-1—ശമ്പളം —49.98 ലക്ഷം രൂപ

01-2—ക്ഷാമബത്ത—23.87 ലക്ഷം രൂപ

2211-00-104-92—ഹെൽത്ത് ട്രാൻസ്പോർട്ട് സംഘടന

01-1—ശമ്പളം—64.65 ലക്ഷം രൂപ

01-2—ക്ഷാമബത്ത—42.15 ലക്ഷം രൂപ

2211-00-104-93—റീജിയണൽ കുടുംബക്ഷേമ കേന്ദ്രങ്ങളിൽ വാഹന സംരക്ഷണവും—28.4 ലക്ഷം രൂപ

2211-00-104-94—ജില്ലാ കുടുംബക്ഷേമ ബ്യൂറോകളിൽ വാഹന വിതരണവും സംരക്ഷണവും—176.50 ലക്ഷം രൂപ

2211-00-104-95—പബ്ലിക് ഹെൽത്ത് കേന്ദ്രങ്ങളിൽ വാഹന വിതരണവും സംരക്ഷണവും—161.50 ലക്ഷം രൂപ

2211-00-106-98—സമൂഹ വിദ്യാഭ്യാസം—32 ലക്ഷം രൂപ

2211-00-800-98—ധനസഹായം—398 ലക്ഷം രൂപ

2211-00-001-96—സംസ്ഥാനതല സംഘടന [(കേന്ദ്രാവിഷ്കൃത പദ്ധതി) 60:40]

വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, യാത്രാചെലവുകൾ എന്നീ ഇനങ്ങളിലെ ചെലവുകൾ നിർവ്വഹിക്കുന്നതിനുമായി

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2211-00-001-96-01-1—ശമ്പളം—101.64 ലക്ഷം രൂപ

2211-00-001-96-01-2—ക്ഷാമബത്ത—76.80 ലക്ഷം രൂപ

2211-00-001-96-04-1—യാത്രാബത്ത—4.25 ലക്ഷം രൂപ

2211-00-001-96-34—മറ്റ് ചെലവുകൾ—3 ലക്ഷം രൂപ

2211-00-001-96-45—പി.ഒ. എൽ.— 2.5 ലക്ഷം രൂപ

2211-00-001-95—നഗരജില്ലാതലത്തിൽ കുടുംബക്ഷേമ ബ്യൂറോകൾ [ലൂപ്പ് നിക്ഷേപ മൊബൈൽ യൂണിറ്റുൾപ്പെടെ (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)]

14 ജില്ലാ മെഡിക്കൽ ഓഫീസുകളിലുമുള്ള കുടുംബക്ഷേമ വിഭാഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും, ഈ ഓഫീസുകളിലെ ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം, ക്ഷാമബത്ത എന്നീ ചെലവുകൾ നിർവ്വഹിക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2211-00-001-95-01-1—ശമ്പളം—760.14 ലക്ഷം രൂപ

2211-00-001-95-01-2—ക്ഷാമബത്ത—160.95 ലക്ഷം രൂപ

2211-00-001-95-34—മറ്റ് ചെലവുകൾ—6.5 ലക്ഷം രൂപ

2211-00-001-95-45—പി.ഒ.എൽ.—5 ലക്ഷം രൂപ

2211-00-003-95—ഹെൽത്ത് വിസിറ്റേഴ്സ്, മിഡ് വൈഫുമാർ, ആയമാർ മുതലായവർക്ക് പരിശീലനം [(കേന്ദ്രാവിഷ്കൃത പദ്ധതി) 60:40]

കുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള 4 ട്രെയിനിംഗ് സെന്ററുകളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നതിനും ഹെൽത്ത് വിസിറ്റേഴ്സ്, മിഡ് വൈഫുമാർ, ആയമാർ എന്നിവർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം, ക്ഷാമബത്ത

എന്നിവ നൽകുന്നതിനും നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെ പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2211-00-003-95-01-1—<u>ശമ്പളം</u>—208.64 ലക്ഷം രൂപ

2211-00-003-95-01-2—<u>ക്ഷാമബത്ത</u>—126 ലക്ഷം രൂപ

2211-00-003-95-12—<u>സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ്</u>—5 ലക്ഷം രൂപ

2211-00-101-95—<u>ഗ്രാമീണ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ</u>

കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ സുഗമമായ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളത്തിനും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഉപകേന്ദ്രങ്ങളുടെ വാടകയിനത്തിലുള്ള മുൻ വർഷത്തെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപ്പുവർഷത്തെ വാടകചെലവ്, ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധനചെലവ് എന്നിവ നിർവ്വഹിക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരേ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2211-00-101-95-01-1—<u>ശമ്പളം</u>—15155.42 ലക്ഷം രൂപ

2211-00-101-95-01-2—<u>ക്ഷാമബത്ത</u>—7572 ലക്ഷം രൂപ

2211-00-101-95-06—<u>വാടക, കരം, നികുതി</u>—59.8 ലക്ഷം രൂപ

2211-00-101-95-45—<u>പി.ഒ. എൽ.</u>—3.8 ലക്ഷം രൂപ

ഉച്ചയ്ക്കുശേഷം 1.00 മണിക്ക് യോഗം പിരിഞ്ഞു.

# ആരോഗ്യവും കുടുംബക്ഷേമവും

## 4-8-2016-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ യോഗം 2016 ആഗസ്റ്റ് മാസം 4, വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 ന് നിയമസഭാ സമുച്ചയത്തിലെ 5 എ സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീമതി ഗീതാ ഗോപി
3. ശ്രീ. സി. മമ്മൂട്ടി
4. ശ്രീമതി യു. പ്രതിഭ ഹരി
5. ശ്രീ. കാരാട്ട് റസാഖ്
6. ശ്രീ. റോഷി അഗസ്റ്റിൻ
7. ശ്രീ. ബി. സത്യൻ
8. ശ്രീ. വി. എസ്. ശിവകുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. രാജീവ് സദാനന്ദൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
2. ശ്രീ. ബി. അശോക്, സെക്രട്ടറി, ആയുഷ് വകുപ്പ്
3. ഡോ. അനിത ജേക്കബ്, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
4. ഡോ. കെ. ജമുന, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
5. ഡോ. ആർ രമേശ്, ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്

6. ഡോ. പി. കെ. അശോക്, ഡയറക്ടർ, ആയുർവ്വേദ മെഡിക്കൽ എഡ്യൂക്കേഷൻ
7. ശ്രീ. ആർ. വേണുഗോപാലൻ ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി, ആയുഷ് വകുപ്പ്
8. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ഡോ. നിഷ പോൾ, പ്രിൻസിപ്പാൾ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്
10. ശ്രീ. എ. അജിത്ത് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ഡോ. വി. എൻ. ഗോപിനാഥൻ, ജോയിന്റ് ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
12. ഡോ. സി. കെ. ജഗദീശൻ, അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്
13. ഡോ. എസ്. സുരേഷ്, ചീഫ് ഫാർമസ്യൂട്ടിക്കൽ ഓഫീസർ, ഹോംകോ, ആലപ്പുഴ
14. ഡോ. റ്റി. ഹരിദാസ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, നാഷണൽ ആയുഷ് മിഷൻ
15. ശ്രീമതി ബി. നീന, സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്.

പ്രസ്തുത യോഗത്തിൽ സമിതി 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ആരോഗ്യകുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട XX, XXX (2236—പോഷകാഹാരം) എന്നീ ധനാഭ്യർത്ഥനകളുടെയും, 26-7-2016-ലെ യോഗത്തിൽ സമയക്കുറവുമൂലം പരിഗണിക്കാൻ കഴിയാതെ മാറ്റിവച്ചിരുന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിലെ ആയുഷ് വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളുടെയും സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയും പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

<u>ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങൾ</u>

ശമ്പള പരിഷ്കരണം, വേതന വർദ്ധനവ്, ഇന്ധനവില വർദ്ധനവ് എന്നീ കാരണങ്ങളാൽ ജീവനക്കാരുടെ യാത്രബത്ത, ദിവസവേതനക്കാരുടെ വേതനം എന്നിവ നൽകുന്നതിനും, മരുന്നുകളും കെമിക്കൽസും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനും, ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന്

ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി. ഇക്കാര്യം വിശദമായി പരിശോധിച്ച സമിതി താഴെപ്പറയുന്ന ഇനങ്ങൾക്കായി 92.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

വേതനം—4 ലക്ഷം രൂപ

യാത്രാബത്ത—80 ലക്ഷം രൂപ

സാധനസാമഗ്രികൾ —6.50 ലക്ഷം രൂപ

മറ്റ് ചെലവുകൾ—2 ലക്ഷം രൂപ

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം (2236—പോഷകാഹാരം)

പൊതുജനാരോഗ്യം പ്രയുക്ത പോഷകാഹാര പരിപാടികൾ

പ്രത്യേക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി, ടെലഫോൺ എന്നീ ഇനങ്ങളിലെ മുൻവർഷത്തെ കുടിശ്ശിക ചിലവുൾപ്പെടെ നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി വൈദ്യുതി ചെലവ് ഇനത്തിൽ 92,000 രൂപയും ടെലഫോൺ ചാർജ് ഇനത്തിൽ 29,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVIII—ആയുഷ് വകുപ്പ്

ആയുഷ് വകുപ്പ് രൂപീകൃതമായതിനുശേഷമുള്ള ആദ്യത്തെ ബജറ്റാണിതെന്നും, ഈ സാമ്പത്തിക വർഷത്തിൽ വകുപ്പിന് പദ്ധതി ഇനത്തിൽ 97 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 527 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളതെന്നും, വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി 19.6 കോടി രൂപ അധികമായി ആവശ്യപ്പെടുകയാണെന്നും ആയുഷ് വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു

## ഭാരതീയ ചികിത്സാ വകുപ്പ്

ഭാരതീയ ചികിത്സാ വകുപ്പിന് വിവിധ പദ്ധതികൾക്കായി 283.95 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും 4.145 കോടി രൂപയാണ് അധികമായി ആവശ്യപ്പെടുന്നതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു

ആയുർവേദ ആശുപത്രികളിൽ തുടർന്നു വരുന്ന സ്നേഹധാര പദ്ധതിയുടെ പ്രവർത്തനങ്ങളെപ്പറ്റി യോഗം ചർച്ച ചെയ്തു. പ്രവർത്തനം നിർത്തി വച്ചിരിക്കുന്ന സ്ഥലങ്ങളിൽ പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു

ഭാരതീയ ചികിത്സാ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും നവീകരണവും

ഭാരതീയ ചികിത്സാ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളുടെ നവീകരണം, നിലവാരം ഉയർത്തൽ, മരുന്നുവാങ്ങൽ തുടങ്ങിയ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും ദിവസവേതന ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് വിലയിരുത്തിയ സമിതി 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

## തിരഞ്ഞെടുത്ത ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഭാരതീയ ചികിത്സാരീതിയിലുള്ള സ്പോർട്സ് മെഡിസിനായുള്ള ഗവേഷണശാല

സ്പോർട്സ് താരങ്ങളുടെ കഴിവും പ്രകടനവും മെച്ചപ്പെടുത്തുന്നതിനായി ആയുർവ്വേദത്തെ വിവിധ തലങ്ങളിൽ പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച സ്പോർട്സ് ആയുർവ്വേദ റിസർച്ച് സെല്ലിന്റെ നവീകരണത്തിനും, ഗവേഷണ പ്രവർത്തനങ്ങൾക്കും, ജീവനക്കാരുടെ ഓണറേറിയം നൽകുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലായെന്ന് ആയുഷ് വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി. ആകയാൽ ഈ ഇനത്തിൽ അധികമായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

വിദ്യാലയ ആരോഗ്യ പരിപാടികൾ

വിദ്യാർത്ഥികളുടെ ആരോഗ്യസംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലായെന്ന് വിലയിരുത്തിയ സമിതി ഈ വകയിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

ജീവനിയും പുനർനവയും

പ്രമേഹം ഒരു പ്രധാന ആരോഗ്യപ്രശ്നമായി മാറുന്ന സാഹചര്യത്തിൽ പ്രമേഹരോഗത്തെ ഫലപ്രദമായി തരണം ചെയ്യുന്നതിനും പ്രമേഹരോഗികളെ പുനരധിവസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിവിധ ജില്ലകളിൽ തുടങ്ങിയ പദ്ധതി തുടർന്നുപോകുന്നതിനും,

ബോധവൽക്കരണ പരിപാടികൾ, മരുന്നുകൾ, മറ്റ് ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മുമ്പാകെ സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. ആകയാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

<u>ആയുർവ്വേദ ഭാരതീയ ചികിത്സാ രീതി ഡയറക്ടറുടെ കാര്യാലയം</u>

ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബ്രോഡ്ബാന്റ് കണക്ഷൻ എടുക്കുന്നതിനുള്ള അധിക തുകയും നടപ്പുവർഷം ധാരാളം ജീവനക്കാർ വിരമിക്കുന്നതിനാൽ പലരും അവധി യാത്രാനുകൂല്യം പ്രയോജനപ്പെടുത്തുവാൻ സാധ്യതയുള്ളതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ചുവടെ പറയുംപ്രകാരം അധിക തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

ടെലിഫോൺ ചെലവ്—2 ലക്ഷം രൂപ

അവധി യാത്രാനുകൂല്യം—2 ലക്ഷം രൂപ

<u>റവന്യൂ ചെലവിലേക്കുള്ള ഗ്രാന്റ്</u>

കോർപ്പറേഷൻ

മുനിസിപ്പാലിറ്റി

ബ്ലോക്ക് പഞ്ചായത്ത്

പതിനാല് ജില്ലകളിലെയും ആയുർവ്വേദ സ്ഥാപനങ്ങളിലെ രോഗികൾക്കായുള്ള ഭക്ഷണം, കഷായം എന്നിവയ്ക്കും, ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള ഇന്ധന ചെലവിനും, സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും ആയി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയും തുടർന്ന് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുകകൾ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

കോർപ്പറേഷനുകൾക്കുള്ള ധനസഹായം —2 ലക്ഷം രൂപ—സാധനസാമഗ്രികൾ

മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം—50 ലക്ഷം രൂപ—സാധനസാമഗ്രികൾ

ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം—8 ലക്ഷം രൂപ—സാധസാമഗ്രികൾ

മാനസികാരോഗ്യ ഗവേഷണ സ്ഥാപനം

*യാത്രാബത്ത*

ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

## ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം

നാഷണൽ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിലേക്കായി 2 കോടി രൂപയും കൂടാതെ യോഗ നാച്ചുറോപ്പതിയുമായി ബന്ധപ്പെട്ട ടെക്നീഷ്യൻ കോഴ്സ് ആരംഭിക്കുന്നതിനും, വിദ്യാർത്ഥികളുടെ വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റ് വിതരണത്തിനും, ടെലിമെഡിസിൻ പ്രോഗ്രാം, വീഡിയോ കോൺഫറൻസ് സൗകര്യം തുടങ്ങിയ ആവശ്യങ്ങൾക്കുമായി പദ്ധതി ഇനത്തിൽ 3.7499 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 8.7638 കോടി രൂപയുമാണ് അധികമായി ആവശ്യപ്പെടുന്നതെന്ന് സെക്രട്ടറി സമിതിയിൽ വിശദീകരിക്കുകയുണ്ടായി.

ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

ആധുനിക ചികിത്സാ രീതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വീഡിയോ കോൺഫറൻസിംഗ് സംവിധാനവും, ടെലിമെഡിസിൻ സൗകര്യങ്ങളും നടപ്പിലാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

തിരുവനന്തപുരം സർക്കാർ ആയുർവ്വേദാശുപത്രിയിലെ പ്രത്യേക വയോജന സംരക്ഷണ കേന്ദ്രം

പൂജപ്പുര പഞ്ചകർമ്മ ക്യാമ്പസിൽ കഴിഞ്ഞ വർഷം മുതൽ പ്രവർത്തനം ആരംഭിച്ച ജെറിയാട്രിക് കെയർ യൂണിറ്റിൽ അവശ്യ മരുന്നുകൾ വാങ്ങുന്നതിനും ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനും നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല എന്നു സമിതി വിലയിരുത്തി. ആകയാൽ, പ്രസ്തുത ആവശ്യങ്ങൾക്കായി ഈ ഇനത്തിൽ 100 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

ലബോറട്ടറിയും പഠന കേന്ദ്രവും സ്ഥാപിക്കൽ

*ബഡ്ജറ്റ് വിഹിതം : 1000 രൂപ (പ്ലാൻ)*

ആയുർവ്വേദവും ആധുനിക ജൈവസാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കും അന്താരാഷ്ട്ര നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും സ്ഥാപിക്കുന്നതിനും, ലബോറട്ടറി ഉപകരണങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി

നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആകയാൽ ഈ ഇനത്തിൽ 250 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ആയുർവ്വേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

വെള്ളക്കരം

ആയുർവ്വേദ കോളേജിലെയും, സബ് ഓഫീസുകളിലേയും, കോളേജിന് കീഴിലുള്ള മൂന്ന് ആശുപത്രികളിലെയും ജല ഉപയോഗം കൂടുതലായതിനാൽ ഈ സ്ഥാപനങ്ങളിലെ വെള്ളക്കരം അടയ്ക്കുന്നതിന് നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. ആകയാൽ ഈ വകയിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ആയുർവ്വേദ ഇന്റേൺഷിപ്പ് വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 2016 ജനുവരി മുതൽ 20,000 രൂപയായി വർദ്ധിപ്പിച്ചതിനാലും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 25,000 രൂപയായി വർദ്ധിപ്പിച്ചതിനാലും നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഈ ഇനത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

അവധി യാത്രാനുകൂല്യം

2017-ൽ ധാരാളം ജീവനക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് മുന്നോടിയായി എൽ.റ്റി.സി. പ്രയോജനപ്പെടുത്താൻ സാധ്യതയുള്ളതിനാലും അവധിയാത്രാനുകൂല്യം ഇനത്തിൽ 2 ലക്ഷം രൂപ കുടിശ്ശിക ഇനത്തിൽ കൊടുത്തു തീർക്കാനുള്ളതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് വിലയിരുത്തിയ സമിതി ഈ ഇനത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

## ഗവൺമെന്റ് ആയുർവ്വേദ കോളേജ്

തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ കോളേജ്—ആശുപത്രികളും പ്രസവ വാർഡും

വേതനം

വേതന വർദ്ധനവ് നിലവിൽ വന്നതിനാൽ നിലവിലുള്ള ദിവസവേതനക്കാർക്കും, പി.ടി.എസ്. ജീവനക്കാർക്കും വേതനം നൽകുന്നതിന് നിലവിൽ നീക്കിവച്ചിരിക്കുന്ന തുക

പര്യാപ്തമല്ല എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. കൂടാതെ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്ന പേവാർഡ് കെട്ടിടത്തിലേക്ക് മതിയായ ജീവനക്കാരെ നിയമിക്കേണ്ടതുമുണ്ട്. ആയതിനാൽ ഈ ഇനത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

<u>അവധി യാത്രാനുകൂല്യം</u>

2017-ൽ ധാരാളം ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനു മുന്നോടിയായി എൽ.റ്റി.സി. പ്രയോജനപ്പെടുത്തുവാൻ സാധ്യതയുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 2 ലക്ഷം രൂപ അധികമായി ഈ വകയിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

<u>സാധനസാമഗ്രികൾ</u>

തിരുവനന്തപുരം ആയുർവ്വേദ ആശുപത്രിയിലേക്കും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലേക്കും വാങ്ങുന്ന ഡയറ്ററി സാധനങ്ങൾ, ലാബ് ഐറ്റം, എൽ.പി.ജി., ക്ലീനിംഗ് മെറ്റീരിയൽസ് എന്നിവയുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിലും പുതിയ പേവാർഡ് കെട്ടിടം പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി പ്രസ്തുത അവശ്യ സാധനങ്ങളുടെ ചെലവുകൾ വർദ്ധിക്കുന്നതിനാലും ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തി. ആകയാൽ 100 ലക്ഷം രൂപ അധികമായി ഈ ഇനത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

## ആയുർവ്വേദ ഫാർമസി

<u>അവധി യാത്രാനുകൂല്യം</u>

ധാരാളം ജീവനക്കാർ 2017-ൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിനു മുന്നോടിയായി പലരും എൽ.റ്റി.സി. പ്രയോജനപ്പെടുത്തുന്നതിനാൽ നടപ്പുവർഷം വകയിരുത്തിയ തുക പര്യാപ്തമല്ല. ആകയാൽ ഈ വകയിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

<u>സാധനസമാഗ്രികൾ</u>

ആയുർവ്വേദ കോളേജിനോടനുബന്ധിച്ചുള്ള 3 ആശുപത്രികളിലേക്കും, ജെറിയാട്രിക് കെയർ യൂണിറ്റിലേക്കും ആവശ്യമായ മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിലേക്കുള്ള അസംസ്കൃത വസ്തുക്കളുടെയും, എണ്ണ, എൽ.പി.ജി. എന്നിവയുടെയും വില വർദ്ധിക്കുന്നതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് കാണുന്നു. ആകയാൽ ഈ വകയിൽ 100 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## പഞ്ചകർമ്മ ആശുപത്രിയുടെ വികസനം

അവധി യാത്രാനുകൂല്യം

ധാരാളം ജീവനക്കാർ 2017-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനു മുന്നോടിയായി എൽ.റ്റി.സി. പ്രയോജനപ്പെടുത്തുവാൻ സാധ്യതയുണ്ട്. നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആകയാൽ ഈ വകയിൽ 50,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

## ഔഷധ ഗുണമേന്മ നിജപ്പെടുത്തൽ കേന്ദ്രം

സാധനസാമഗ്രികൾ

ഔഷധ ഗുണമേന്മ നിജപ്പെടുത്തൽ കേന്ദ്രത്തിൽ ഉപയോഗിക്കുന്ന സോൾവെന്റ് കളുടെയും, കെമിക്കലുകളുടെയും വിലയിൽ ക്രമാതീതമായി വർദ്ധനവുണ്ടാകുന്നതിനാൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആകയാൽ ഈ ഇനത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ആയുർവ്വേദ പ്രാദേശിക ഗവേഷണ കേന്ദ്രം

അവധി യാത്രാനുകൂല്യം

2017-ൽ ധാരാളം ജീവനക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിനു മുന്നോടിയായി എൽ.റ്റി.സി. പ്രയോജനപ്പെടുത്തുവാൻ സാധ്യതയുള്ളതിനാൽ നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ല എന്ന് കാണുന്നു. ആകയാൽ ഈ ഇനത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

# തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജ്

വൈദ്യുതി ചാർജ്

തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

സ്കോളർഷിപ്പും സ്റ്റൈപ്പന്റും

തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സ്കോളർഷിപ്പും സ്റ്റൈപ്പന്റും നൽകുന്നതിലേക്കായി ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ അധികമായി ഈ ഇനത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

മോട്ടോർ വാഹനങ്ങൾ—അറ്റകുറ്റപ്പണികൾ

കോളേജിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 49,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ ഗസ്റ്റ് ലക്ചറർമാർക്ക് റമ്യൂണറേഷൻ നൽകുന്നതിനായി ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 99,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

## ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ

കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, സ്ഥലംമാറ്റ ബത്ത, അവധി യാത്രാനുകൂല്യം, വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് തുടങ്ങിയ കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ഇനങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുകകൾ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്—7.53 ലക്ഷം രൂപ

യാത്രാബത്ത—1.45 ലക്ഷം രൂപ

സ്ഥലംമാറ്റ ബത്ത—28,000 രൂപ

അവധിയാത്രാനുകൂല്യം—20,000 രൂപ

വൈദ്യുതി ചെലവുകൾ—5 ലക്ഷം രൂപ

ടെലിഫോൺ ചെലവുകൾ—45,000 രൂപ

വാടക, കരം, നികുതി—50,000 രൂപ

സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും—42.70 ലക്ഷം രൂപ

## ഗവണ്മെന്റ് ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

വൈദ്യുതി ചെലവുകൾ

കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ആശുപത്രിയിലെ വൈദ്യുതി ചെലവ് എന്നീ ആവശ്യങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ യഥാക്രമം 14.64 ലക്ഷം രൂപയും 5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

ഒല്ലൂർ ആയുർവ്വേദ മെഡിക്കൽ കോളേജിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പളം നേരിട്ട് നൽകുന്നതിന്

ഒല്ലൂർ ആയുർവ്വേദ കോളേജിലെ അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പള പരിഷ്കരണം പ്രകാരമുള്ള ശമ്പളവും, മറ്റ് അലവൻസുകളും കുടിശ്ശികയും നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 250 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

## ഹോമിയോ ചികിത്സാ വകുപ്പ്

### ഹോമിയോപ്പതി ജില്ലാ കാര്യാലയങ്ങൾ

ടെലഫോൺ ചെലവ്

മറ്റിനങ്ങൾ

വാടക കരം നികുതി

ഹോമിയോപ്പതി ജില്ലാ മെഡിക്കൽ ഓഫീസുകളിൽ വാടക, കരം, നികുതി ഇനത്തിൽ 26 ലക്ഷം രൂപയോളം കുടിശ്ശിക നൽകാനുണ്ട്. ഈ ഓഫീസുകളിലെ വാടക, കരം, നികുതി,

ടെലിഫോൺ ചാർജ്, മറ്റ് ചിലവുകൾ, മുൻവർഷത്തെ കടിശ്ശിക എന്നിവ നിർവ്വഹിക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയുന്ന ഇനങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

ടെലഫോൺ ചിലവ്—1.4 ലക്ഷം രൂപ

മറ്റിനങ്ങൾ—1 ലക്ഷം രൂപ

വാടക കരം നികുതി—26 ലക്ഷം രൂപ

ആശുപത്രികളും ഡിസ്പെൻസറികളും—യാത്രാബത്ത

നടപ്പുസാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

## ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസം

### ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്

ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ ദിവസവേതനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം നൽകുന്നതിനും ജീവനക്കാരുടെ അവധി യാത്രാനുകൂല്യം, കോളേജിലെ ടെലഫോൺ ചാർജ് എന്നിവ നിർവ്വഹിക്കുന്നതിനുമായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ചുവടെപ്പറയുന്ന ഇനങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു:

വേതനം—11.36 ലക്ഷം രൂപ

അവധിയാത്രാനുകൂല്യം—4.5 ലക്ഷം രൂപ

ടെലഫോൺ ചാർജ്—60,000 രൂപ.

സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന്

സ്വകാര്യ ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിനും വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റ്

നൽകുന്നതിനും നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ചുവടെപ്പറയുന്ന ഇനങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

അവധിയാത്രാനുകൂല്യം—3.08 ലക്ഷം രൂപ

സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ്—152.50 ലക്ഷം രൂപ

<u>ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്</u>

കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നതിനും, വാട്ടർ ചാർജ്, വൈദ്യുതി ചാർജ് എന്നിവ അടയ്ക്കുന്നതിനും, മറ്റ് അത്യാവശ്യ ചെലവുകൾ നിർവ്വഹിക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ചുവടെപ്പറയുന്ന പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ്—36.7 ലക്ഷം രൂപ

വെള്ളക്കരം—1.07 ലക്ഷം രൂപ

വൈദ്യുതി ചെലവ്—3.4 ലക്ഷം രൂപ

<u>ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട്</u>

കോളേജിലെ പാർട്ട് ടൈം ജീവനക്കാർക്ക് വേതനം നൽകുന്നതിനും, ജീവനക്കാർക്ക് സ്ഥലം മാറ്റബത്ത, കോളേജിലെ ടെലിഫോൺ ചാർജ്, ബ്രോഡ്ബാന്റ് ചാർജ് എന്നിവ നൽകുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

വേതനം—50,000 രൂപ

സ്ഥലം മാറ്റബത്ത—18000 രൂപ

ടെലിഫോൺ ചോർജ്—5000 രൂപ

<u>സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ്</u>

ഇന്റേൺഷിപ്പ് വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 12,000 രൂപയിൽ നിന്ന് 17000 രൂപയായി വർദ്ധിപ്പിച്ചതിനാൽ ഈ ഇനത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

## ഔഷധി

കേരളത്തിലെ എല്ലാ ആയുർവേദ ഡിസ്പെൻസറികളിലേക്കും സ്വന്തം ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഗുണമേന്മയുള്ള മരുന്നുകൾ വിതരണം ചെയ്യുന്ന ഔഷധിയിൽ നിലനിൽക്കുന്ന മരുന്നിന്റെ ദൗർലഭ്യം സംബന്ധിച്ച വിഷയം യോഗത്തിൽ ചർച്ച ചെയ്തു. ആയതിന് പരിഹാരമായി മെഡിസിനൽ പ്ലാന്റ് കൾട്ടിവേഷനുവേണ്ടി കൊണ്ടുവന്ന 'ഗ്രാമീണം' പോലുള്ള പദ്ധതികൾ ഫലപ്രദമായി തുടരേണ്ടതിന്റെ ആവശ്യകത സമിതി ചൂണ്ടിക്കാട്ടി.

അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നിടങ്ങളിൽ എല്ലാ മെഡിക്കൽ ബ്രാഞ്ചുകളും കൂടി ഒരു കുടക്കീഴിൽ എന്ന പോലെ പ്രവർത്തിപ്പിച്ചാൽ ജനങ്ങൾക്ക് ഉണ്ടാകുന്ന നേട്ടങ്ങളും യോഗത്തിൽ ചർച്ച ചെയ്തു. നിലവിൽ ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി എന്നീ വിഭാഗങ്ങളെ ഒരുമിപ്പിച്ചുകൊണ്ടുള്ള ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു

## ഹോംകോ

മുൻപ് അനുവദിച്ചിരുന്ന 4 കോടി രൂപ മുഴുവൻ ചെലവായിട്ടില്ലാത്തതിനാൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമില്ല എന്നും പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്ന മുറയ്ക്ക് കൂടുതൽ തുക ആവശ്യമായി വരുമെന്നും ആയതിനാൽ അടുത്ത ബഡ്ജറ്റിൽ കൂടുതൽ തുക ആവശ്യപ്പെടാമെന്നും ഹോമിയോപ്പതി ഡയറക്ടർ സമിതി മുൻപാകെ അറിയിക്കുകയുണ്ടായി. നിലവിൽ ഹോമിയോ ക്ലിനിക്കുകൾ ഇല്ലാത്ത 49 പഞ്ചായത്തുകളിലും ആയത് ആരംഭിക്കുന്നതിനായി 80 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ടെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു.

സമിതിയുടെ അടുത്ത യോഗം 2016 ആഗസ്റ്റ് മാസം 11-ാം തീയതി തിരുവനന്തപുരത്ത് വച്ച് കൂടുവാൻ തീരുമാനിച്ചു

യോഗം വൈകുന്നേരം 3.30-ന് അവസാനിച്ചു.

# ആരോഗ്യവും കുടുംബക്ഷേമവും

## 11-8-2016-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII (2016-2018) 2016 ആഗസ്റ്റ് മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീമതി ഗീതാ ഗോപി
3. ശ്രീ. സി. മമ്മുട്ടി
4. ശ്രീമതി യു. പ്രതിഭ ഹരി
5. ശ്രീ. കാരാട്ട് റസാഖ്
6. ശ്രീ. റോഷി അഗസ്റ്റിൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എസ്. പ്രസന്നകുമാർ,ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ ഭാഗമായി ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥന, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥന, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന, ഭക്ഷ്യം (2236-പോഷകാഹാരം) എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ഒന്നാമത് (2016-17) റിപ്പോർട്ടിന്റെ കരട് സമിതി പരിഗണനയ്ക്കെടുക്കുകയും പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകണമെന്ന തരത്തിലുള്ള വിഷയങ്ങൾ സമിതി ശിപാർശ ചെയ്യേണ്ട വിഷയമല്ലാത്തതിനാൽ അത്തരം ശിപാർശകൾ ഒഴിവാക്കിക്കൊണ്ട് റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

# ആരോഗ്യവും കുടുംബക്ഷേമവും

## 20-9-2016-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII, 2016 ഒക്ടോബർ 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീമതി യു. പ്രതിഭ ഹരി, എം.എൽ.എ.
2. ശ്രീ. കാരാട്ട് റസാഖ്, ,,
3. ശ്രീ. റോഷി അഗസ്റ്റിൻ, ,,
4. ശ്രീ. പി.കെ. ശശി, ,,
5. ശ്രീ. ബി. സത്യൻ, ,,
6. ശ്രീ. വി.എസ്. ശിവകുമാർ, ,,
7. ശ്രീമതി ഗീതാ ഗോപി, ,,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. രാജീവ് സദാനന്ദൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
2. ശ്രീ. ബി. അശോക്, സെക്രട്ടറി, ആയുഷ് വകുപ്പ്
3. ഡോ. അനിക ജേക്കബ്, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
4. ഡോ. പി. കെ. അശോക്, ഡയറക്ടർ (ഇൻ-ചാർജ്), ആയുർവ്വേദ മെഡിക്കൽ എഡ്യൂക്കേഷൻ

5. ശ്രീ. ആർ. വേണുഗോപാലൻ ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി, ആയുഷ് വകുപ്പ്

6. ഡോ. എസ്. സുനിജ, ഡയറക്ടർ, പബ്ലിക് ഹെൽത്ത് ലബോറട്ടറി

7. ശ്രീമതി. ബി. സുധർമ്മ, ഡയറക്ടർ, ആയുഷ് വകുപ്പ്

8. ശ്രീ. രവി എസ്., മേനോൻ, ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ, ഡ്രഗ്സ് കൺട്രോൾ ലബോറട്ടറി.

യോഗത്തിൽ താഴെപ്പറയുന്ന വിഷയങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 20, 21, 22, 23, 24, 25, 26, 27, 28, 29, 31 എന്നീ ഖണ്ഡികകളിലെ സമിതി ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3360/സബ്.സി.എഫ്.2/2015/നി.സെ.)

II <u>സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

ലബോറട്ടറികളുടെ ശാക്തീകരണം എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ 39-ാം ഖണ്ഡികയിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1027/സബ്.സി.എഫ്.2/2014/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 22 ശിപാർശകളിൽ ഒരെണ്ണത്തിന് മാത്രമേ നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടുള്ളതെന്നും, ബാക്കി ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എത്രയുംവേഗം സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു

റിപ്പോർട്ടിലെ അവശേഷിക്കുന്ന മുഴുവൻ ശിപാർശകളിന്മേലുമുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ രണ്ട് ദിവസത്തിനുള്ളിൽ ലഭ്യമാക്കാമെന്ന് ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

III കരട് റിപ്പോർട്ട് പരിഗണന

സമിതിയുടെ 2015-16 സാമ്പത്തികവർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1536/സബ്.സി.എഫ്.2/2016/നി.സെ.)

തുടർന്ന് സംസ്ഥാനത്തെ ഇടുക്കി പോലുള്ള ജില്ലകളിലെ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ അപര്യാപ്തതയെക്കുറിച്ചും ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ആശുപത്രികളിൽ നിന്നും കൊണ്ടുവരുന്നതിനെക്കുറിച്ചും അഡീഷണലായി ഡോക്ടർമാരെ നിയമിക്കുന്നതിനുപകരം നേരത്തെ ഉള്ള ഡോക്ടർമാരെ നിലനിർത്തുന്നതിനെക്കുറിച്ചും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഐ.പി. ആരംഭിക്കുന്നതിനെക്കുറിച്ചും അവിടെ രാത്രി ഒരു ഡോക്ടറെയെങ്കിലും ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിനെക്കുറിച്ചും സമിതി ചർച്ച ചെയ്യുകയുണ്ടായി.

സ്പെഷ്യാലിറ്റി കേഡറിൽ വരുന്ന ഡോക്ടർമാർ റിമോർട്ട് ഏര്യകളിലേക്ക് ഓപ്ഷൻ കൊടുക്കാത്തതിനാലാണ് ഇടുക്കി പോലുള്ള ജില്ലകളിൽ ഡോക്ടർമാരുടെ ഒഴിവുകൾ വരുന്നതെന്നും, സർക്കാർ മെഡിക്കൽ കോളേജിൽ പഠിക്കുന്ന കുട്ടികൾ റൂറൽ ഏരിയയിൽ നിശ്ചിതവർഷം സേവനം അനുഷ്ഠിക്കണമെന്ന വ്യവസ്ഥ അടുത്തവർഷത്തെ പ്രോസ്പെക്ടസിൽ ഉൾക്കൊള്ളിക്കുന്നതടക്കമുള്ള നടപടികൾ പരിഗണനയിലാണെന്നും നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം ഐ.പി.കളിൽ രാത്രികാല ഡ്യൂട്ടിക്കായി ഡോക്ടറുടെ സേവനം ലഭ്യമാക്കാൻ സാധിക്കുന്നില്ല എന്നും സെക്രട്ടറി സമിതിയെ അറിയിച്ചു

യോഗം ഉച്ചയ്ക്ക്ശേഷം 12.40-ന് പിരിഞ്ഞു.

## ആരോഗ്യവും കുടുംബക്ഷേമവും

27-10-2016-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2016 ഒക്ടോബർ 27, വ്യാഴാഴ്ച നിയമസഭാ സമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.
2. ശ്രീമതി ഗീതാ ഗോപി, എം.എൽ.എ.
3. ശ്രീമതി യു. പ്രതിഭ ഹരി, എം.എൽ.എ.
4. ശ്രീ. കാരാട്ട് റസാഖ്, എം.എൽ.എ.
5. ശ്രീ. ബി. സത്യൻ, എം.എൽ.എ.
6. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ സമിതി ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളടങ്ങുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതിയില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2671/സബ്.സി.എഫ്2/2016/നി.സെ.)

യോഗം വൈകുന്നേരം 5.40-ന് പിരിഞ്ഞു.

## ആരോഗ്യവും കുടുംബക്ഷേമവും

27-12-2016-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2016 ഡിസംബർ 27, ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 'V-ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.
2. ശ്രീ. സി. മമ്മൂട്ടി "
3. ശ്രീമതി യു. പ്രതിഭ ഹരി "
4. ശ്രീ. റോഷി അഗസ്റ്റിൻ "
5. ശ്രീ. ബി. സത്യൻ "
6. ശ്രീ. വി. എസ്. ശിവകുമാർ "

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. രാജീവ് സദാനന്ദൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
2. ഡോ. പോൾ സെബാസ്റ്റ്യൻ, ഡയറക്ടർ, ആർ.സി.സി.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം "സർക്കാർ ആശുപത്രികളിൽ കാൻസർ രോഗനിർണ്ണയവും ചികിത്സയും" എന്ന വിഷയം സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി താഴെപ്പറയുന്ന വിവരങ്ങൾ സമിതിയെ അറിയിച്ചു

കാൻസർ ഒഴികെയുള്ള രോഗങ്ങൾക്ക് ചികിത്സ തേടുന്നവരിൽ 34 ശതമാനം ആളുകൾ മാത്രം സർക്കാർ ആശുപത്രികളെ ആശ്രയിക്കുമ്പോൾ കാൻസർ രോഗികളിൽ 66 ശതമാനവും സർക്കാർ ആശുപത്രികളിലാണ് ചികിത്സ തേടുന്നത്, ഇത് 85 ശതമാനം വരെയെങ്കിലും വർദ്ധിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി കൊച്ചിയിൽ കാൻസർ സെന്റർ പ്രവർത്തനം ആരംഭിക്കുകയും 360 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)-ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജുവേറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടാക്കാനുള്ള മറ്റൊരു പദ്ധതി തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കാൻ ഉദ്ദേശിക്കുകയാണെന്നും അതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, തലശ്ശേരി എന്നീ മൂന്ന് മേഖലാ കേന്ദ്രങ്ങൾ റീജിയണൽ കേന്ദ്രങ്ങളായി മാറുകയും ചെയ്യും.

തിരുവനന്തപുരം ആർ.സി.സി.യിൽ ചികിത്സിക്കുന്നതിനേക്കാൾ കൂടുതൽ രോഗികൾക്ക് എം.സി.സി. (മലബാർ കാൻസർ സെന്റർ)യിൽ ചികിത്സ നൽകി വരുന്നുണ്ടെന്നും പ്രായം കൂടുംതോറും കാൻസർ രോഗം വരാനുള്ള സാധ്യത കൂടുതലായതിനാലും നിലവിൽ കേരളത്തിലെ 13 ശതമാനം ആളുകൾ 65 വയസ്സിന് മേൽപ്രായമുള്ളവരായതിനാലും കാൻസർ രോഗികളുടെ എണ്ണം കൂടാൻ സാധ്യതയുള്ളതുകൊണ്ട് മൂന്ന് മേഖലാ കേന്ദ്രങ്ങൾ വന്നാലും തിരക്ക് കുറയാൻ സാധ്യതയില്ലെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

ആർ.സി.സി.യിൽ ചികിത്സയ്ക്ക് വരുന്നവരുടെ തിരക്ക് കൈകാര്യം ചെയ്യാൻ കഴിയാത്തതുപോലെ മറ്റ് റീജിയണൽ സെന്ററുകളിലും തിരക്ക് വർദ്ധിക്കാൻ സാധ്യതയുള്ളതിനാൽ അഞ്ച് മെഡിക്കൽ കോളേജുകളിലും ഒരു മെഡിക്കൽ ഓങ്കോളജിസ്റ്റ്, ഒരു സർജിക്കൽ ഓങ്കോളജിസ്റ്റ്, ഒരു പാത്തോളജിസ്റ്റ്, ഒരു റേഡിയേഷൻ ഓങ്കോളജിസ്റ്റ് എന്നിവരുൾപ്പെടുന്ന കോംപ്രിഹെൻസീവ് കാൻസർ യൂണിറ്റ് തുടങ്ങാൻ കാബിനറ്റ് തീരുമാനമെടുത്തിട്ടുണ്ടെന്ന് അദ്ദേഹം തുടർന്നറിയിച്ചു.

കീമോ നൽകാനുള്ള പരിശീലനം ജില്ലാതലത്തിലുള്ള ഡോക്ടർമാർക്ക് ഇല്ലാത്തതിനാലാണ് തുടർ ചികിത്സയ്ക്കായി കാൻസർ രോഗികൾ ആർ.സി.സി.യിൽ എത്തുന്നതെന്നും ഇതിനു പരിഹാരമായി കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലാ ആശുപത്രികളിൽ നിന്നും ഒരു ഡോക്ടർ, ഒരു നഴ്സ് എന്നിവരടങ്ങുന്ന ടീമിന് ആർ.സി.സി.യിലും എം.സി.സി.യിലും മൂന്ന് മാസത്തോളം പി.ജി. ഇന്റേൺഷിപ്പ് നൽകിയിട്ടുണ്ടെന്നും അപ്രകാരം 12 ജില്ലാ ആശുപത്രികളിലും മലബാർ കാൻസർ സെന്ററിലും റീജിയണൽ കാൻസർ സെന്ററിലും ചികിത്സ കഴിഞ്ഞവരുടെ തുടർ ചികിത്സ

നടന്നു കൊണ്ടിരിക്കുകയാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള ജില്ലാ ആശുപത്രികളിലെ ഡോക്ടർമാർക്ക് ഈ പരിശീലനം കൊടുത്തിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പരിശീലനം കൊടുത്തിട്ടുണ്ടെങ്കിലും ചികിത്സ ആരംഭിച്ചിട്ടില്ല എന്ന് അദ്ദേഹം മറുപടി നൽകി.

കാൻസർ രോഗത്തിന് പ്രധാനമായും നാല് ഘട്ടങ്ങളാണ് ഉള്ളതെന്നും നാലാമത്തെ ഘട്ടത്തിൽ ചികിത്സാ വിജയത്തിന് സാധ്യതയില്ലാത്തതിനാൽ പാലിയേറ്റീവ് കെയർ മാത്രമാണ് ആശ്രയമെന്നും ആർ.സി.സി.യിൽ വരുന്ന നല്ലൊരു ശതമാനം രോഗികളും പാലിയേറ്റീവ് ട്രീറ്റ്മെന്റിന് വരുന്നവരാണെന്നും ഇവർക്ക് വേണ്ടി എല്ലാ ജില്ലാ ആശുപത്രികളിൽനിന്നും ഒരു ഡോക്ടർ, ഒരു നഴ്സ് എന്നിവരടങ്ങുന്ന ടീമിനെ സജ്ജമാക്കി പാലിയേറ്റീവ് കെയർ ട്രീറ്റ്മെന്റുംകൂടി തുടങ്ങാൻ തീരുമാനിച്ചതായും മലബാർ കാൻസർ സെന്ററിൽ ഇത് തുടങ്ങി കഴിഞ്ഞതായും തിരുവനന്തപുരം ആർ.സി.സി.യിൽ ജനുവരി 4 മുതൽ തുടങ്ങുകയാണെന്നും ഇതുവഴി ആർ.സി.സി.യിലെ തിരക്ക് ഒരു പരിധി വരെ കുറയ്ക്കാൻ ഉപകരിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

പുകവലിയും മദ്യപാനവും പോലുള്ള ദുശ്ശീലങ്ങൾ പുരുഷന്മാരിൽ ഹൃദയസ്തംഭനവും കാൻസറുമുണ്ടാക്കുന്നതിനുള്ള പ്രധാന കാരണമാകുന്നുവെന്നും ഇവ ഒഴിവാക്കിയാൽ പുരുഷന്മാരിലെ രോഗാവസ്ഥ കുറയ്ക്കാൻ സാധിക്കുമെന്നും അടുത്ത ജനകീയാസൂത്രണ ത്തിലൂടെ മിക്കവാറും എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഈ രോഗം നിയന്ത്രിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

കാൻസർ സ്ക്രീനിംഗ് എന്നുള്ളത് ഏറെ തെറ്റിദ്ധാരണകളുള്ള മേഖലയാണെന്നും ഓറൽ കാൻസർ, ഗർഭാശയ കാൻസർ എന്നിവയുടെ രോഗനിർണ്ണയത്തിന് കാൻസർ സ്ക്രീനിംഗ് ഫലപ്രദമാണെന്നും കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നാല് ജില്ലകളിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (JPHN)മാർക്ക് സെർവിക്കൽ കാൻസർ സ്ക്രീൻ ചെയ്യാനായി പരിശീലനം നൽകിയിരുന്നുവെന്നും നിർഭാഗ്യവശാൽ അതിപ്പോൾ നിലച്ചെന്നും അത് വീണ്ടും തുടങ്ങാനും മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കാനുമുള്ള ശ്രമം ഉടൻ ആരംഭിക്കുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

കാൻസറിൽ പ്രകടമായ വ്യത്യാസമുണ്ടാക്കാൻ കഴിയുന്നത് ആദ്യ രണ്ടു ഘട്ടത്തിലാണെന്നും ചികിത്സാ സാധ്യത കൂടുതലായതിനാൽ കഴിയുന്നതും ഈ സ്റ്റേജിൽ തന്നെ രോഗികളെ ചികിത്സിച്ച് രോഗം നിയന്ത്രണ വിധേയമാക്കാൻ ശ്രമിക്കുക എന്നതാണ് സർക്കാരിന്റെ ഇപ്പോഴത്തെ നിലപാടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

ജില്ലാ ആശുപത്രികളിൽ കാൻസർ ചികിത്സ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നും ഇതിന്റെ ഭാഗമായി ജില്ലാ താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് കാൻസർ രോഗത്തെക്കുറിച്ച് ജനങ്ങൾക്ക് അവബോധം ഉണ്ടാക്കാനും രോഗമുണ്ടെന്ന് സംശയമുള്ളവരെ സ്ക്രീൻ ചെയ്യാനും ഉപകരിക്കുന്ന ഒരു ക്യാമ്പ് നടത്തണമെന്നും 14 ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സ തുടങ്ങുന്നതും പി.എച്ച്.സി.യിലോ സി.എച്ച്.സി. യിലോ ആഴ്ചയിൽ ഒരു ദിവസം കാൻസർ ഒ.പി. പരിശോധന നടത്തുന്നതും നന്നായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

കാൻസർ സ്ക്രീനിംഗ് ഫലപ്രദമാകുന്നത് രണ്ടോ മൂന്നോ കേസുകളിൽ മാത്രമാണെന്നും പി.എച്ച്.സി.യുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി 30 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്ക് റുട്ടീൻ എക്സാമിനേഷൻ എന്ന നിലയ്ക്ക് വർഷത്തിൽ ഒരിക്കൽ പരിശോധന നടത്തണമെന്നാണ് ഉദ്ദേശിച്ചതെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നമ്മുടെ നാട്ടിൽ ആരും സ്വമേധയാ കാൻസർ പരിശോധന നടത്താറില്ലെന്ന് അഭിപ്രായപ്പെട്ട സമിതി കാൻസർ ഡിറ്റെക്ഷൻ (രോഗ നിർണ്ണയ) ക്യാമ്പിന്റെ ആവശ്യകതയെ അനുകൂലിച്ച് അഭിപ്രായം പ്രകടിപ്പിച്ചു. എല്ലാ നിയോജക മണ്ഡലങ്ങളിലും സ്ഥലം എം.എൽ.എ.മാരുടെ നേതൃത്വത്തിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും അതുവഴി ക്യാമ്പിലേക്ക് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ആർ.സി.സി.യെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടാക്കാൻ ശ്രമിച്ചെങ്കിലും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടാക്കാനെ സാധിച്ചിട്ടുള്ളുവെന്നും അന്ന് 120 കോടി രൂപ അനുവദിച്ചതിന്റെ ഫലമായി ബ്രെസ്റ്റ് സ്കാൻ മെഷീൻ ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ആർ.സി.സി.യിലേയും എം.സി.സി. യിലേയും തിരക്ക് ഒഴിവാക്കുന്നതിനുവേണ്ടിയാണ് അഞ്ച് മെഡിക്കൽ കോളേജുകളെയും Teritiary Cancer Care Centre-നു തുല്യമായ മിനി ആർ.സി.സി.യായി ഉയർത്താൻ തീരുമാനിച്ചതെന്നും സമിതി വ്യക്തമാക്കി. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ ഉണ്ടെന്നും മറ്റിടങ്ങളിൽ കൂടി ലീനിയർ ആക്സിലറേറ്റർ വന്നു കഴിഞ്ഞാൽ എം.സി.സി.യിലേയും ആർ.സി.സി.യിലേയും തിരക്ക് ഒഴിവാക്കാൻ കഴിയുമെന്നും സമിതി അഭിപ്രായപ്പെട്ടു. അവിടെ സർജിക്കൽ ഓങ്കോളജിസ്റ്റിനെ കിട്ടാത്തതുകൊണ്ടാണോ ബുദ്ധിമുട്ട് നേരിടുന്നതെന്ന സമിതിയുടെ ചോദ്യത്തിന് സർവ്വീസിൽ തന്നെ യോഗ്യതയുള്ളവർ ധാരാളം പേരുണ്ടെന്നും അവർക്ക് നിയമനം കൊടുക്കാൻ സാധിക്കാത്തതാണ് പ്രശ്നമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 65-ഓളം ഡോക്ടർമാർക്കും സ്റ്റാഫ് നഴ്സുമാർക്കും ട്രെയിനിംഗ് കൊടുത്തുകൊണ്ട് 12 ജില്ലാ കാൻസർ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും മറ്റ് രണ്ട് ജില്ലകളിൽ കൂടി കാൻസർ കെയർ സെന്ററുകൾ ആരംഭിച്ചുകൊണ്ട് ഈ സംവിധാനം ശക്തിപ്പെടുത്തണമെന്നും എം.സി.സി.യിലും ആർ.സി.സി.യിലും വരുന്ന രോഗികൾക്ക് തുടർചികിത്സ ജില്ലാ ആശുപത്രികളിൽ നടത്താൻ കഴിയണമെന്നും പ്രൈമറി ഹെൽത്ത് സെന്ററുകളെ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളാക്കുമെന്ന് പറഞ്ഞതുപോലെ താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി.കളിലും കാൻസർ രോഗ നിർണ്ണയത്തിനും പ്രാഥമിക ചികിത്സയ്ക്കും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുന്ന രീതിയിലുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന സുകൃതം പദ്ധതി 18 വയസ്സിന് താഴെയുള്ള (എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ) എല്ലാ കുട്ടികൾക്കും കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ആരോഗ്യ കിരണം, താലോലം എന്നീ പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച വിശദീകരണം നൽകണമെന്നും സമിതി അറിയിച്ചു.

താഴെ തലത്തിൽ കാൻസറിനെക്കുറിച്ച് ബോധവൽക്കരണം നടത്തി രോഗനിർണ്ണയത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 152 സി.എച്ച്.സി. കളിൽ കാൻസർ ചികിത്സയ്ക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുകയും പ്രാഥമിക കാര്യങ്ങൾ തുടങ്ങുകയും വേണമെന്ന് സമിതി നിർദ്ദേശിച്ചു.

തിരൂർ ജില്ലാ ആശുപത്രിയിൽ ലിനാക്കിന്റെ 38 കോടി രൂപയുടെ പദ്ധതി ടെണ്ടർ ചെയ്തെന്നും പണി ആരംഭിക്കാൻ പോവുകയാണെന്നും അവിടെ രോഗികളുടെ തിരക്ക് കൂടുതലായതുകൊണ്ട് അധികമായി ജൂനിയർ കൺസൾട്ടന്റിനെ നിയമിക്കണമെന്ന ആവശ്യത്തിന് എത്രയും പെട്ടെന്ന് അംഗീകാരം നൽകി ഒരാളെ നിയമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കാൻസർ കെയർ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ കാൻസർ രോഗ ചികിത്സാ പരിശീലനം ലഭിച്ച ഡോക്ടർമാരുടെ സേവനം ലഭ്യമാണോ എന്ന സമിതിയുടെ ചോദ്യത്തിന് തൊടുപുഴയിൽ ലഭ്യമാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. കാൻസർ രോഗം ഏറ്റവും കൂടുതലുള്ളത് ഇടുക്കി ജില്ലയിലായതിനാൽ കാൻസർ കെയർ പദ്ധതി 12 ജില്ലകളിൽ തുടങ്ങിയപ്പോൾ ഇടുക്കി ജില്ലാ ആശുപത്രിയിലും ആരംഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നതായി സമിതി അഭിപ്രായപ്പെട്ടു.

കാൻസറുമായി ബന്ധപ്പെട്ട് രജിസ്ട്രി തയ്യാറാക്കാൻ രൂപീകരിച്ച കമ്മിറ്റിയുടെ നിലവിലെ സ്ഥിതി എന്താണെന്നും കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് ആർ.സി.സി. ഡയറക്ടർ മറുപടി നൽകി. കേരളത്തിൽ സർക്കാർ മേഖലയിലെ ഒൻപത് ആശുപത്രികളിലും സ്വകാര്യ മേഖലയിലെ 9 ആശുപത്രികളിലുമാണ് കാൻസർ ചികിത്സാ സൗകര്യങ്ങളുള്ളതെന്നും ആദ്യഘട്ടത്തിൽ ഈ ആശുപത്രികളിലെ കണക്കുകളെല്ലാം കൂടി സ്വരൂപിച്ച് ഒറ്റ കേന്ദ്രത്തിൽ കൊണ്ടുവന്ന് ഹോസ്പിറ്റൽ ബേസ്ഡ് രജിസ്ട്രിയാക്കി മാറ്റിയെന്നും രണ്ടാമത്തെ ഘട്ടത്തിൽ ഇ-ഹെൽത്ത് വരുന്നതോടുകൂടി ഇതെല്ലാം ആധാറുമായി ബന്ധിപ്പിച്ചാൽ ഇരട്ടിക്കലുകൾ (ഡ്യൂപ്ലിക്കേഷൻ) ഒഴിവാക്കാമെന്നും സർക്കാർ ആശുപത്രിയിൽ വരുന്ന മുഴുവൻ രോഗികളുടെയും എണ്ണം (Cancer Registry Figures) ഡേറ്റാ സിസ്റ്റം വഴി കൃത്യമായി ലഭിക്കുമെന്നും തിരുവനന്തപുരത്തും കൊല്ലത്തുമാണ് ജനസംഖ്യാടിസ്ഥാനത്തിൽ രജിസ്ട്രിയുള്ളതെന്നും ആർ.സി.സി. ഡയറക്ടർ അറിയിച്ചു.

കാസർഗോഡ്, കണ്ണൂർ, മാഹി എന്നീ പ്രദേശങ്ങൾക്കുവേണ്ടി നേരത്തെ തയ്യാറാക്കിയ രജിസ്ട്രിയുണ്ടെന്ന് ചെയർപേഴ്സൺ വ്യക്തമാക്കി.

ജനസംഖ്യാടിസ്ഥാനത്തിലുള്ള രജിസ്ട്രി ഈയടുത്ത കാലത്ത് തുടങ്ങിയതേയുള്ളുവെന്നും പൂർണ്ണ രീതിയിൽ പ്രവർത്തനക്ഷമമായിട്ടില്ലെന്നും ജനസംഖ്യാടിസ്ഥാനത്തിൽ രജിസ്ട്രി തയ്യാറാക്കാൻ എളുപ്പമല്ലെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ കണക്കുപ്രകാരം കേരളത്തിൽ ഒരു വർഷം അറുപത്തി അയ്യായിരത്തോളം കാൻസർ രോഗികൾ പുതുതായി രജിസ്റ്റർ ചെയ്യിട്ടുള്ളതായും ഇത് ആർ.സി.സി.യിൽ മാത്രമുള്ളതല്ല, കേരളത്തിലെ ആകെ കണക്കാണെന്നും സാധാരണ കാൻസർ വന്നാൽ 1/3 അല്ലെങ്കിൽ 40 ശതമാനം വരെ ഭേദമാക്കാൻ സാധിക്കുമെന്നും ബാക്കിയുള്ളവർ അസുഖം മൂലം മരിച്ചു പോകുമെന്നും കണക്ക പ്രകാരം പുതിയ കേസുകൾ എത്രയുണ്ടോ അതിന്റെ മൂന്ന് മടങ്ങ് കാൻസർ രോഗികളുണ്ടാകുമെന്നും കേരളത്തിൽ ഏകദേശം രണ്ടുലക്ഷം കാൻസർ രോഗികൾ ഉണ്ടെന്നും ഇത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് മറുപടിയായി ആർ.സി.സി. ഡയറക്ടർ അറിയിച്ചു.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യിട്ടുള്ള കാൻസർ രോഗികൾക്ക് പെൻഷൻ ലഭിക്കുമെന്നതിനാൽ പഞ്ചായത്ത് രജിസ്റ്ററിൽ നിന്നും എത്ര കാൻസർ രോഗികളുണ്ടെന്ന് കണ്ടെത്താൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു

ജനസംഖ്യാടിസ്ഥാനത്തിൽ രജിസ്റ്ററെടുക്കാതെ ഇ-ഹെൽത്തിന്റെ രജിസ്റ്റർ വഴി കണക്കുകൾ ലഭ്യമല്ലേ എന്ന സമിതി ചെയർപേഴ്സന്റെ ചോദ്യത്തിന് ഇ-ഹെൽത്ത് നിലവിൽ വരുമ്പോൾ സർക്കാർ ആശുപത്രികളുടെ കണക്കുകൾ ലഭ്യമാകുമെന്നും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് വരുകയും കാൻസർ നോട്ടിഫൈഡ് ഡിസീസ് ആക്കി മാറ്റുകയും ചെയ്യുമ്പോൾ കണക്കുകൾ ലഭ്യമാകുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

കാൻസറിനെ നോട്ടിഫൈഡ് ഡിസീസ് ആയി പ്രഖ്യാപിച്ചുകൊണ്ട് നിയമം കൊണ്ടുവരണമെന്ന് ആർ.സി.സി ഡയറക്ടർ അഭിപ്രായപ്പെട്ടു.

കീമോതെറാപ്പി കൊടുക്കുന്നതുകൊണ്ടാണ് ചില ആളുകൾ മരിച്ചുപോകുന്നതെന്ന് പറയുന്നതിൽ എന്തെങ്കിലും വാസ്തവമുണ്ടോയെന്നും മെഡിസിൻ കഴിക്കാതെ ഈ രോഗം മാറ്റാൻ കഴിയുമോ എന്നുള്ള സമിതിയുടെ ചോദ്യത്തിനു റേഡിയേഷനോ സർജറിയോ മരുന്നോ ഇല്ലാതെ കാൻസർ രോഗം മാറ്റാൻ കഴിയില്ലെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

കാൻസറിനുള്ള ചികിത്സ, സർജറി, റേഡിയേഷൻ, കീമോതെറാപ്പി എന്നിങ്ങനെ മൂന്ന് രീതിയിലുണ്ടെന്നും കാൻസറിന്റെ ആദ്യ രണ്ടു ഘട്ടങ്ങളിൽ സർജറിയോ റേഡിയേഷനോ ഏതെങ്കിലുമൊന്ന് മതിയാകുമെന്നും മൂന്നാം ഘട്ടത്തിൽ സർജറി, റേഡിയേഷൻ, കീമോതെറാപ്പി എന്നീ മൂന്ന് ട്രീറ്റ്മെന്റും നൽകാറുണ്ടെന്നും മൂന്നാം ഘട്ടത്തിൽ രോഗി രക്ഷപ്പെടാനുള്ള സാഹചര്യം 10 ശതമാനത്തിൽ താഴെയാണെന്നും, പ്രയോജനമില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ ഡോക്ടർമാർ സ്വകാര്യതാല്പര്യങ്ങൾക്കുവേണ്ടി വിലകൂടിയ മരുന്നുകൾ നൽകി ചികിത്സ നടത്തി രോഗിയുടെ കുടുംബത്തെ സാമ്പത്തിക തകർച്ചയിലേക്കും ദാരിദ്ര്യത്തിലേക്കും നയിക്കുന്ന പ്രവണത ശരിയല്ലെന്നും ആർ.സി.സി ഡയറക്ടർ അറിയിച്ചു.

ചികിത്സിച്ചാൽ ഭേദമാകുന്ന രോഗമാണ് കാൻസർ എന്ന ബോധവൽക്കരണം നൽകുന്നതോടൊപ്പം ആർ.സി.സി.യുടെയും മറ്റ് സമാന സ്ഥാപനങ്ങളുടെയും സഹകരണത്തോടെ എം.എൽ.എ.മാരുടെ നേതൃത്വത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ചാൽ ജനങ്ങളുടെ ആശങ്കയകറ്റാൻ ഉപകാരപ്രദമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു

കേരളത്തിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ശ്വാസകോശ കാൻസറിന് അന്താരാഷ്ട്ര തലത്തിൽ ലൂഡോസ് സി.ടി. സ്ക്രീനിംഗ് ടെസ്റ്റാണ് കണ്ടുപിടിച്ചിരിക്കുന്നതെന്നും ഈ ടെസ്റ്റ് കേരളത്തിൽ എവിടെയെല്ലാം തുടങ്ങാൻ സാധിക്കുമെന്ന് പരിശോധിക്കുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

കാൻസർ രോഗനിർണ്ണയ ക്യാമ്പുകൾ നടത്തിയാൽ ഓറൽ, സെർവിക്കൽ കാൻസറുകൾ അവിടെത്തന്നെ കണ്ടെത്താൻ സാധിക്കുമെന്നും സിടി. സ്കാൻ ആവശ്യമുണ്ടെന്ന് സംശയിക്കുന്ന കേസുകൾ മറ്റ് സ്ഥാപനങ്ങളിലേക്ക് വിടണമെന്നും സമിതി ചെയർപേഴ്സൺ നിർദ്ദേശിച്ചു.

അമിത പുകവലി ശീലമുള്ളവരിൽ കാൻസറിനുള്ള സാധ്യത കൂടുതലായതിനാൽ അവരെ സ്ക്രീനിംഗിന് വിധേയമാക്കാറുണ്ടെന്നും കേരളത്തിലുള്ളവർ രോഗം വന്നാൽ ആശുപത്രിയിൽ പോകുമെന്നുള്ളതുകൊണ്ട് ഡോക്ടർമാർക്ക് ട്രെയിനിംഗ് നൽകികൊണ്ടുള്ള ചികിത്സ അഭികാമ്യമായിരിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കാൻസർ നിർണ്ണയ ക്യാമ്പിന് മറ്റൊരു വശം കൂടിയുണ്ടെന്നും ഒരു ലക്ഷം ആളുകളെ പരിശോധനയ്ക്ക് വിധേയമാക്കിയാൽ വളരെ ചുരുക്കംപേരിൽ മാത്രമേ രോഗം കണ്ടുപിടിക്കാൻ സാധിക്കുകയുള്ളുവെന്നും ചെറിയ തടിപ്പോ മുഴയോ കണ്ടുപിടിച്ചാൽ തന്നെ മാമോഗ്രാം അല്ലെങ്കിൽ അൾട്രാസൗണ്ട് സ്കാൻ ചെയ്താലും കാൻസറാണെന്ന് കണ്ടെത്താൻ കഴിയാത്തതിനാൽ അവരോട് തുടർച്ചയായി പരിശോധനയ്ക്കുവരാൻ പറയേണ്ട സാഹചര്യമുണ്ടാകുമ്പോൾ ആ മുഴയോ തടിപ്പോ രോഗിയുടെ മനസ്സിനെ ഭീതിയിലാഴ്ത്തുകയും പിന്നീട് അത് കാൻസറാണെന്ന് ഭയന്ന് ഓരോരോ ഡോക്ടർമാരുടെ അടുത്ത് പോകാനുള്ള സാഹചര്യമുണ്ടെന്നും ആർ.സി.സി. ഡയറക്ടർ സമിതിയെ അറിയിച്ചു.

അസുഖമില്ലാത്തയാളുകളെ ക്യാമ്പുകളിൽ കൊണ്ടുവന്ന് കാൻസറുണ്ടോയെന്ന് പരിശോധിക്കുന്ന രീതിയാണ് നിലവിലുള്ളതെന്നും അവർക്ക് കാൻസറുണ്ടെങ്കിലോ എന്തെങ്കിലും സംശയമുണ്ടെങ്കിലോ അവരെ യഥാവിധി ചികിത്സിക്കാനുള്ള സംവിധാനമില്ലാത്ത സാഹചര്യത്തിൽ ജനങ്ങളെയും ഡോക്ടർമാരെയും വേണ്ടരീതിയിൽ ബോധവൽക്കരിക്കുകയും ബാക്കിയുള്ള ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും Teritiary Cancer Care Centre കളിലുമുള്ള സംവിധാനങ്ങൾ അടിയന്തരമായി മെച്ചപ്പെടുത്തുകയും തുടർന്ന് ജില്ലാ ആശുപത്രികളിൽ നിന്ന് step down ചെയ്ത് താലൂക്ക് ആശുപത്രികളിലേക്ക് ഈ സൗകര്യങ്ങൾ കൊണ്ടുവരികയും മാസത്തിലൊരുതവണ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കാൻസർ രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗമുണ്ടെന്ന് സംശയമുള്ളവർ സ്വയമേ ക്യാമ്പുകളിൽ പങ്കെടുക്കുവാനുള്ള സാഹചര്യമൊരുക്കുകയാണ് വേണ്ടതെന്നും ആർ.സി.സി. ഡയറക്ടർ അഭിപ്രായപ്പെട്ടു.

കാൻസർ രോഗം വരാനുള്ള കാരണങ്ങളെ സംബന്ധിച്ച് ഒരു പൊതു ബോധവൽക്കരണ പദ്ധതി കുടുംബശ്രീ വഴിയോ അതുപോലുള്ള സംവിധാനങ്ങൾ വഴിയോ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ കൊണ്ടുവരണമെന്നും സി.എച്ച്.സി.കളിലെ ഡോക്ടർമാർക്ക് പരിശീലനം നൽകി അവിടെ വരുന്ന ആളുകളെ പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കാനും അതോടൊപ്പം ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജില്ലാ ആശുപത്രികളെയും മെഡിക്കൽ കോളേജുകളെയും എം.സി.സി., ആർ.സി.സി. എന്നിവയേയും ആദ്യഘട്ടമെന്ന നിലയിൽ മികച്ച ചികിത്സാ കേന്ദ്രങ്ങളാക്കി മാറ്റാൻ ശ്രമിക്കണമെന്നും ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പാരമ്പര്യമായി കുടുംബങ്ങളിൽ കാൻസർ കണ്ടുവരുന്ന ആളുകൾക്കും വണ്ണം കൂടിയ ആളുകൾക്കും കാൻസർ രോഗനിർണ്ണയ പരിശോധന നടത്താവുന്നതാണെന്നും സ്തനാർബുദം വരുന്നവരിൽ 15 ശതമാനത്തിൽ കൂടുതൽ പേർക്കും പാരമ്പര്യമായ കാരണത്താലല്ലെന്നും ഒരു പ്രായം കഴിഞ്ഞവർക്ക് ബ്രസ്റ്റിൽ മുഴയുണ്ടാകുന്നത് സാധാരണയാണെന്നും അത് കാൻസറാണെന്ന് പറയാൻ പറ്റില്ലെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

കാൻസർരോഗം വർദ്ധിച്ചുവരാനുള്ള കാരണങ്ങൾ എന്താണെന്ന സമിതിയുടെ ചോദ്യത്തിന് ഹൃദയാഘാതം ഉണ്ടാകാൻ സാധ്യതയുള്ള പുകവലി, മദ്യപാനം, തുടങ്ങിയവ ഒഴിവാക്കിയാൽ ഒരു പരിധിവരെ കാൻസർരോഗം തടയാൻ സാധിക്കുമെന്നും ശരിയായ വ്യായാമം, വിഷമുക്തമായ ആഹാരം തുടങ്ങിയ കാര്യങ്ങളിൽ ജനങ്ങളിൽ അവബോധം സൃഷ്ടിക്കണമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

കാൻസർരോഗ പരിശോധന നടത്താൻ കൂടുതൽ ആളുകൾ മുന്നോട്ടുവരുന്ന സാഹചര്യത്തിൽ നിലവിലെ സ്ഥാപനങ്ങളിൽ മികച്ച സൗകര്യങ്ങൾ ഒരുക്കി വിപുലീകരിക്കുകയും ശക്തിപ്പെടുത്തുകയും പരമാവധി ആളുകൾക്ക് കഴിയുന്നത്ര ചികിത്സ കൊടുക്കാൻ പറ്റുന്ന സംവിധാനം രൂപപ്പെടുത്തിയെടുക്കുകയും ചെയ്യണമെന്നും മലയോര മേഖലയിൽ താമസിക്കുന്നവർക്ക് കാൻസർ രോഗചികിത്സാകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ പലവിധ ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ക്യാമ്പുകൾ സംഘടിപ്പിച്ചാൽ അവർക്കവിടെ എത്തിച്ചേരാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു

താലൂക്കാശുപത്രിതലം വരെ കാൻസർ ചികിത്സാസംവിധാനങ്ങൾ നടപ്പിലാക്കാൻ സാധിക്കുമെന്നും പുതിയതായി വരുന്ന എല്ലാ മരുന്നുകളുടെയും വില വർദ്ധിക്കുന്നതുമൂലം സംസ്ഥാനം ഗുരുതരമായ ഭീഷണി നേരിടാൻ പോവുകയാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

മരുന്നുകൾക്ക് അമിതമായി വില ഈടാക്കുന്നുവെന്ന ആരോപണമുണ്ടെന്നും അതിനുള്ള പരിഹാരമാർഗ്ഗം എന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് പ്രത്യേക വിഭാഗത്തിലുള്ള സ്തനാർബുദം ചികിത്സിക്കാൻ രണ്ടു മരുന്നുകളേയുള്ളൂവെന്നും ഒരു വർഷത്തേയ്ക്കുള്ള മരുന്നിന് കുറഞ്ഞത് 10 ലക്ഷം രൂപയാണ് ആർ.സി.സി. ഈടാക്കുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

കാൻസർ വരാനുള്ള കാരണങ്ങളെക്കുറിച്ച് അവബോധം നൽകുന്നതോടൊപ്പം ഇതിന്റെ ചികിത്സാ ചെലവുകളെക്കുറിച്ചുള്ള വിവരവും നൽകുന്നത് നന്നായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ആർ.സി.സി.യിലെ സ്കാനിംഗ് മെഷീൻ 6 മാസമായി കേടായതിനാൽ പുറത്തുനിന്ന് 16,000 രൂപയ്ക്ക് സ്കാൻ ചെയ്യേണ്ടിവന്ന സാഹചര്യങ്ങളെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് 12 വർഷത്തോളം പഴക്കമുള്ള ബോൺ സ്കാൻ മെഷീനാണ് കേടായതെന്നും കേടുപാടു തീർക്കാൻ 15 ലക്ഷം രൂപയെങ്കിലും വേണ്ടിവരുമെന്നും മെഷീൻ നന്നാക്കുവാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ പുതിയ മെഷീന് ഓർഡർ കൊടുത്തതായും 40 ദിവസത്തിനകം പ്രവർത്തനക്ഷമമാകുമെന്നും ആർ.സി.സി. ഡയറക്ടർ സമിതിക്കു മുമ്പാകെ മറുപടി നൽകി.

ആർ.സി.സി. സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി പ്രഖ്യാപിച്ചപ്പോൾ 120 കോടി രൂപയാണ് അനുവദിച്ചതെന്നും 60:40 എന്ന അനുപാതത്തിലുള്ള ഈ പ്രോജക്ടിന് കേന്ദ്ര വിഹിതമായി 46 കോടി രൂപ ലഭിച്ചതായും ഇതിന് ആനുപാതികമായുള്ള സംസ്ഥാന വിഹിതമായ 32 കോടി രൂപ സംസ്ഥാന സർക്കാർ നൽകണമെന്നും അതിനുള്ള ഭരണാനുമതി നൽകിയാലുടൻ പ്രവർത്തനമാരംഭിക്കുമെന്നും ആർ.സി.സി.യ്ക്കായി 15 ഏക്കർ സ്ഥലം അനുവദിച്ചെങ്കിലും അതിന്റെ കുറച്ചുഭാഗം ഇതിനുമുമ്പുള്ള സർക്കാർ ഉത്തരവുപ്രകാരം മറ്റൊരു സ്ഥാപനത്തിനും കൂടി അവകാശപ്പെട്ടതായതിനാൽ ഏകദേശം 12 ഏക്കറിനകത്തുള്ള ഭൂമിയായിരിക്കും ലഭിക്കുന്നതെന്ന് കളക്ടറേറ്റിൽ നിന്ന് അറിയാൻ കഴിഞ്ഞതായും ആർ.സി.സി. ഡയറക്ടർ സമിതിയെ അറിയിച്ചു.

14 ജില്ലകളിലും കാൻസർ ചികിത്സ ആരംഭിക്കാൻ പോകുന്ന സാഹചര്യത്തിൽ അതാത് ജില്ലകളിലെ എം.എൽ.എ.മാരെ ഉൾപ്പെടുത്തി മന്ത്രിതലയോഗം നടത്തുന്നത് നന്നായിരിക്കുമെന്നും ഒരു മണ്ഡലത്തിൽ ഒരു ആശുപത്രി (ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ) തിരഞ്ഞെടുത്ത് കാൻസർ ചികിത്സ സൗകര്യമൊരുക്കണമെന്ന് തീരുമാനിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഒരു താലൂക്കിൽ ഒരു ആശുപത്രി എന്നാണ് ഉദ്ദേശിക്കുന്നതെന്നും കോശങ്ങൾ വിഭജിക്കുമ്പോൾ ജനിതകത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മൂലമാണ് കാൻസർ ഉണ്ടാകുന്നതെന്നും ആർക്കുവേണമെങ്കിലും വരാനുള്ള സാഹചര്യമുണ്ടെങ്കിലും പുകവലിക്കുന്നവർക്ക് രോഗം വരാനുള്ള സാധ്യതയേറെയാണെന്നും കാൻസർ ചികിത്സ വളരെ ചെലവേറിയതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

കേരളത്തിൽ പുകവലിക്കുന്നവർക്കാണ് കാൻസർ കൂടുതലായി കണ്ടുവരുന്നതെന്നും പുകയിലയുടെയും പുകയില ഉത്പന്നങ്ങളുടെയും ഉപഭോഗം കുറയ്ക്കുന്നതിനായി 70 മുതൽ 80 ശതമാനം വരെ നികുതി വർധിപ്പിക്കണമെന്നും അതുവഴി അവയുടെ ഉപയോഗം ഗണ്യമായി കുറയുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടെന്നും ലോകാരോഗ്യ സംഘടനയുടെ പഠനങ്ങളെ ഉദ്ധരിച്ച് ആർ.സി.സി. ഡയറക്ടർ സമിതിയെ അറിയിച്ചു

ഹോമിയോപ്പതിയിലും ആയുർവേദത്തിലും കാൻസറിന് ചികിത്സയുണ്ടെന്നും ജില്ലാ ആശുപത്രികളിൽ ആയുർവേദം, ഹോമിയോ, അലോപ്പതി എന്നീ വിഭാഗങ്ങൾ കൂടി തുടങ്ങിയാൽ നന്നായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു

കാൻസർ ചികിത്സയിൽ ഏറ്റവും അധികം വളർന്നുകൊണ്ടിരിക്കുന്നത് രോഗപ്രതിരോധ ചികിത്സാരീതി (ഇമ്മ്യൂണോ തെറാപ്പി)യാണെന്നും ശരീരത്തിന്റെ പ്രതിരോധ വ്യവസ്ഥയെ പുഷ്ടിപ്പെടുത്തി അഭിവൃദ്ധമാക്കുന്ന രീതിയാണിതെന്നും ആയുർവേദത്തിനും സമാന ആശയമാണെന്നും ഗവേഷണങ്ങൾ നല്ലരീതിയിൽ നടക്കാത്തതിനാൽ മുന്നോട്ടുപോകാൻ സാധിച്ചില്ലെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

കാൻസർ ചികിത്സ കണക്കിലെടുത്ത് ജില്ലകൾക്ക് പ്രത്യേക സാമ്പത്തിക സഹായം വിനിയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ശിപാർശ സബ്ജക്ട് കമ്മിറ്റിയിൽ നിന്ന് കൊടുക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു

ഹൈറിസ്ക് ഗണത്തിൽപ്പെട്ടവരെ കണ്ടെത്തി രോഗനിർണ്ണയം (സ്ക്രീൻ) ചെയ്യാനുള്ള സംവിധാനമുണ്ടാക്കണമെന്നും എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതോടൊപ്പം താലൂക്ക് ആശുപത്രികളിലും ചികിത്സാ സൗകര്യങ്ങൾ എത്തിക്കാൻ കഴിയുമോ എന്നുമുള്ള കാര്യങ്ങളാണ് ഈ ചർച്ചയിൽ ഉയർന്നുവന്നിട്ടുള്ളതെന്നും അവ പരിശോധിക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

ആർ.സി.സി. പോലെ നല്ല രീതിയിൽ കാൻസർ ചികിത്സ ലഭ്യമാക്കുന്ന ഇന്ത്യയിലെ മറ്റ് സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന സമിതിയുടെ ചോദ്യത്തിന് ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റൽ, ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) എന്നീ സ്ഥാപനങ്ങളിൽ മികച്ച ചികിത്സ ലഭ്യമാണെന്നും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി ഈ സ്ഥാപനങ്ങൾ സന്ദർശിക്കാവുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

മറ്റുള്ള സംസ്ഥാനങ്ങളിൽ നല്ല രീതിയിൽ കാൻസർ ചികിത്സ ലഭ്യമാക്കുന്നതിനെ കുറിച്ച് പഠിക്കുകയാണെങ്കിൽ ആ സൗകര്യങ്ങൾ കൂടി കേരളത്തിൽ കൊണ്ടുവരാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

നിലവിൽ കാൻസർ രോഗികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം സാമ്പത്തിക മാണെന്നും സർക്കാർ ധനസഹായത്തോടൊപ്പം എം.എൽ.എ./എം.പി. ഫണ്ടുകൾ, കാൻസർമൂലം മരണപ്പെട്ടവരുടെ ചില കുടുംബങ്ങൾ നൽകുന്ന സ്പോൺസർഷിപ്പുകൾ എന്നിവ സമാഹരിച്ച് മികച്ച ചികിത്സാ സജ്ജീകരണങ്ങൾ ഒരുക്കുകയും താലൂക്ക് ആശുപത്രികളിലേക്ക് കാൻസർ ചികിത്സ കൊണ്ടുവരുന്നതിനോടൊപ്പം ആദ്യഘട്ടമെന്ന നിലയ്ക്ക് അഞ്ച് മെഡിക്കൽ കോളേജുകളിലും ലീനിയർ ആക്സിലേറ്റർ കൊണ്ടുവരികയും മിനി ആർ.സി.സി. Teritiary Cancer Care സെന്ററുകളായി ജില്ലാ ആശുപത്രികൾ പ്രവർത്തനമാരംഭിക്കുകയും ചെയ്താൽ ആർ.സി.സി.ലേയും എം.സി.സി.ലേയും 50 ശതമാനം തിരക്ക് കുറയ്ക്കാൻ സാധിക്കുമെന്ന് ചർച്ചയിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു കൊണ്ട് സമിതി അഭിപ്രായപ്പെട്ടു

ആർ.സി.സി.യുടെ തിരക്ക് കുറയ്ക്കാനായി എം.സി.സി.ലും കൊച്ചി കാൻസർ സെന്ററിലും പ്രധാന മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ തീരുമാനമെടുത്തതായും രണ്ടു വർഷത്തിനകം ഇത് പൂർത്തിയാകുമെന്നും ഓങ്കോളജി വിഭാഗത്തിൽ സർക്കാർ 105 തസ്തികകൾ സൃഷ്ടിച്ചതായും അതിലേക്ക് ഡോക്ടർമാരെ നിയമിക്കാനുള്ള ശ്രമം നടത്തിവരികയാണെന്നും തുടർന്ന് താലൂക്ക് തലത്തിലും കഴിയുമെങ്കിൽ താഴേത്തട്ടിലേക്കും കാൻസർ ചികിത്സാ സംവിധാനം ശക്തിപ്പെടുത്താൻ ശ്രമിക്കുന്നതാണെന്നും ചെയർപേഴ്സൺ സമിതിയെ അറിയിച്ചു

എല്ലാവരിലും രോഗനിർണ്ണയ പരിശോധന (സ്ക്രീനിംഗ്) നടത്തുന്നത് അപ്രായോഗികമാകയാൽ ജില്ലയിലെ എം.എൽ.എ.മാരെ വിളിച്ച ചേർത്ത് എവിടെയെല്ലാം ക്യാമ്പുകൾ നടത്താമെന്നതിനെക്കുറിച്ച് ചർച്ച ചെയ്യാമെന്നും മാസ്റ്റർപ്ലാൻ തയ്യാറാക്കിയശേഷം കാൻസർ ചികിത്സയ്ക്കായി ഒരു റവന്യൂ താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന രീതിയിൽ സൗകര്യം ഏർപ്പെടുത്തുന്നതാണെന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

ഒരു മെഡിക്കൽ കോളേജിൽ ഒരു ലീനിയർ ആക്സിലറേറ്റർ മാത്രമുള്ളതിനാൽ അത് കേടാകുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് മുൻ അഭിപ്രായ നിർദ്ദേശങ്ങൾ പരിഗണിച്ച് സ്പോൺസർ ചെയ്യാൻ തല്പരരായ തദ്ദേശീയരുടെ പണം സമാഹരിച്ചു കൊണ്ട് 12 കോടി രൂപയുടെ ലീനിയർ ആക്സിലറേറ്റർ മെഷീൻ വാങ്ങാവുന്നതാണെന്നും കാൻസർ ചികിത്സയ്ക്കുള്ള മെഷീനുകൾ വാങ്ങിയാലും റേഡിയോ ഡയഗ്നോസിസിൽ എം.ഡി.യുള്ള ഡോക്ടർമാരെ കിട്ടാൻ പ്രയാസമുള്ള സാഹചര്യം ഉണ്ടെന്നും ആരോഗ്യകിരണം, താലോലം, സുകൃതം എന്നീ പദ്ധതികൾക്ക് അനുവദിച്ച തുക കുടിശ്ശികയാകുമ്പോൾ അവയുടെ പ്രവർത്തനം ഇടയ്ക്ക് തടസ്സപ്പെടുന്നുണ്ടെന്നും, വളരെ ബുദ്ധിമുട്ടിയാണ് അത് പുനഃസ്ഥാപിക്കാനുള്ള പണം കണ്ടെത്തുന്നതെന്നും സുകൃതം പദ്ധതിക്ക് കൊടുക്കാനുള്ള പത്തരക്കോടി രൂപ കുടിശ്ശിക ധനവകുപ്പ് കൊടുക്കാമെന്ന് സമ്മതിച്ചതായും ചെയർപേഴ്സൺ സമിതിയെ അറിയിച്ചു.

എട്ട് ജില്ലാ ആശുപത്രികളിലും രണ്ട് മെഡിക്കൽ കോളേജുകളിലും കാത്ത് ലാബിന് ഫണ്ട് ലഭിച്ചിട്ടുണ്ടെന്നും അതോടൊപ്പം 42 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് മെഷീൻ അനുവദിച്ചതായും കൊച്ചി കാൻസർ സെന്ററിന് 360 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ടും എറണാകുളം മെഡിക്കൽ കോളേജിന് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായുള്ള പ്രോജക്ട് റിപ്പോർട്ടുകളും ചില ജില്ലാ ആശുപത്രികളുടെ പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കിയിട്ടുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതിയുടെ അടുത്തയോഗം 2017 ജനുവരി 11-ാം തീയതി തിരുവനന്തപുരത്തുവച്ച് കൂടാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.30-ന് അവസാനിച്ചു.

# ആരോഗ്യവും കുടുംബക്ഷേമവും

## 24-3-2017-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി XII, 2017 മാർച്ച് 24-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സണായ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീമതി ഗീതാ ഗോപി
3. ശ്രീമതി യു. പ്രതിഭ ഹരി
4. ശ്രീ. കാരാട്ട് റസാഖ്
5. ശ്രീ. റോഷി അഗസ്റ്റിൻ
6. ശ്രീ. ബി. സത്യൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. രാജീവ് സദാനന്ദൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്
2. ശ്രീ. ബി. അശോക്, സെക്രട്ടറി, ആയുഷ് വകുപ്പ്

3. ഡോ. നവജ്യോത് ഖോസ, ഭക്ഷ്യസുരക്ഷാ കമ്മീഷണർ & മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

4. ഡോ. എ. റംലാ ബീവി, ഡയറക്ടർ മെഡിക്കൽ എഡ്യൂക്കേഷൻ

5. ഡോ. രാംസൺ. ആർ., ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്

6. ശ്രീ. ജേക്കബ് കോശി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

7. ശ്രീ. രവി എസ്. മേനോൻ, ഡ്രഗ്സ് കൺട്രോളർ

8. ശ്രീ. പോൾ സെബാസ്റ്റ്യൻ, ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം

9. ശ്രീ. ഡി. സതീശൻ, ഡയറക്ടർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി

10. ശ്രീ. പി. കൃഷ്ണകുമാർ, ഡയറക്ടർ, ഇംഹാൻസ്, കോഴിക്കോട്

11. ഡോ. രാജു, അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്

12. ഡോ. സി. കെ. ജഗദീശൻ, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ് (ബഡ്ജറ്റ്)

13. ശ്രീമതി സ്റ്റെല്ല ലിറ്റിൽ ഫ്ലവർ, ഡെപ്യൂട്ടി സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

14. ശ്രീ. കേശവേന്ദ്ര കുമാർ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ. നാഷണൽ ഹെൽത്ത് മിഷൻ

15. ശ്രീ. അശോക് ലാൽ. ജി., മാനേജിംഗ് ഡയറക്ടർ, കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റി

16. ശ്രീ. പി. വി. ജോസഫ്, ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഐക്കോൺസ്

17. ഡോ. ദിലീപ് കുമാർ. ആർ., ജനറൽ മാനേജർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

18. ശ്രീ. ബി. സലീം കുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

(19) ശ്രീ. രാജേഷ് കെ. പി., ഫിനാൻസ് ഓഫീസർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്.

2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി XVIII (വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും), XIX (കുടുംബക്ഷേമം) എന്നീ നമ്പർ ധനാഭ്യർത്ഥനകൾ പരിഗണനയ്ക്കെടുക്കുകയും സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപറയും പ്രകാരം തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റ് വിഹിതം മതിയാകാത്ത ശീർഷകങ്ങളിൽ ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള നടപടി ശിപാർശ ചെയ്യുന്നതിനാണ് ഇന്ന് സബ്ജക്ട് കമ്മിറ്റി യോഗം ചേരുന്നതെന്നും എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പോലും ചെലവഴിക്കാത്ത പല വകുപ്പുകളുമുണ്ടെന്നും അത്തരം വകുപ്പുകൾ എന്തിനാണ് അധിക തുക ശിപാർശ ചെയ്യുന്നതെന്നും ഇക്കാര്യത്തിൽ വകുപ്പുകൾ ശ്രദ്ധ ചെലുത്തണമെന്നും ഭരണഘടനാപരമായി അനുവദിച്ച തുക നിശ്ചിത സമയപരിധിക്കുള്ളിൽ ചെലവഴിക്കാതിരിക്കുകയും സമിതിയുടെ സൂക്ഷ്മ പരിശോധന നടക്കുന്ന സമയത്ത് അധിക തുക ആവശ്യപ്പെടുകയും ചെയ്യുന്ന പ്രവണത ശരിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ മുഴുവൻ തുകയും ചെലവഴിക്കാൻ സാധിച്ചിട്ടില്ലെന്നും ഇക്കാര്യം ചർച്ച ചെയ്ത് കഴിയുന്നത്ര വേഗത്തിൽ തുക ചെലവഴിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും തുടർന്ന് സാധിക്കുന്നില്ലെങ്കിൽ പരിഹാര മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കാമെന്നും വകുപ്പുമേധാവികൾ മറുപടി നൽകി.

ഈ വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യ വകുപ്പിന് മുന്തിയ പരിഗണനയാണ് ലഭിച്ചിട്ടുള്ളതെന്നും സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാനപ്പെട്ട നാല് പദ്ധതികളിലൊന്നായ 'ആർദ്രം' മിഷനിലൂടെ ആരോഗ്യമേഖലയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്കുതകുന്ന പദ്ധതികൾ കൊണ്ടുവരാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ആശുപത്രികളിൽ പ്രാഥമിക ചികിത്സാ സംവിധാനമൊരുക്കുക, സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് പ്രസ്തുത മിഷന്റെ പ്രധാന ഉദ്ദേശ്യങ്ങളെന്നും കേരളീയ സമൂഹത്തിൽ നിന്നും പൂർണ്ണമായും ഇല്ലാതായെന്ന് വിശ്വസിച്ചിരുന്ന പകർച്ചവ്യാധികളിൽ പലതും തിരിച്ചു വന്നിട്ടുണ്ടെന്നും ആയതിനാൽ രോഗപ്രതിരോധ സംവിധാനങ്ങൾ കുറച്ചുകൂടി ശക്തമാക്കേണ്ടതുണ്ടെന്നും ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

പ്രമേഹം, കാൻസർ, തൈറോയ്ഡ് തുടങ്ങിയ അസുഖങ്ങൾ വ്യാപകമായ തോതിൽ കേരളീയ സമൂഹത്തിൽ കാണപ്പെടുന്നുണ്ടെന്നും ഇത്തരം രോഗങ്ങൾ പ്രാഥമിക ഘട്ടത്തിൽതന്നെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ടെന്നും ആയതിനായി പ്രൈമറി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടർമാരുടെ സേവനം ആവശ്യമാണെന്നും സമിതി വിലയിരുത്തി. പ്രൈമറി ഹെൽത്ത് സെന്ററുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണമെന്നും ഇതു സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി വരികയാണെന്നും

ഒരു വികസന ബ്ലോക്കിൽ ഒന്ന് എന്ന രീതിയിൽ 171 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഒരു വർഷംകൊണ്ട് ആയത് പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ചെയർപേഴ്സൺ വിശദീകരിച്ചു

പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ സർവ്വീസിലും കൂടി 1200 തസ്തികകൾ സൃഷ്ടിച്ചതായും അതിൽ 108 ഡോക്ടർമാരുടെയും 252 മറ്റ് സ്റ്റാഫിന്റെയും തസ്തിക പാരിപ്പള്ളി മെഡിക്കൽ കോളേജിൽത്തന്നെ അനുവദിച്ചുവെന്നും കൂടാതെ ആയുഷ് വകുപ്പിലും മതിയായ തസ്തികകൾ സൃഷ്ടിച്ചത് ആരോഗ്യ മേഖലയിൽ വലിയൊരു മാറ്റത്തിന് കാരണമായെന്നും സമിതി അഭിപ്രായപ്പെട്ടു. കിഫ്ബിയിൽ ഉൾപ്പെടുത്തി കൊച്ചി മെഡിക്കൽ കോളേജിന് 368 കോടി രൂപയും കൊച്ചി കാൻസർ സെന്ററിന് 360 കോടി രൂപയും എറണാകുളം ജനറൽ ആശുപത്രിക്ക് 76 കോടി രൂപയും ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ടെന്നും തെരഞ്ഞെടുക്കപ്പെട്ട ചില ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, ആർ.സി.സി., എം.സി.സി., എന്നിവയ്ക്കെല്ലാം ബഡ്ജറ്റിൽ മുന്തിയ പരിഗണന നൽകിയിട്ടുണ്ടെന്നും 2020 ആകുമ്പോഴേക്കും ടി. ബി., കോളറ, ഡിഫ്ത്തീരിയ തുടങ്ങിയ രോഗങ്ങൾ ഉന്മൂലനം ചെയ്യേണ്ടതുണ്ടെന്നും ആയതിന്റെ പ്രചരണ പ്രവർത്തനങ്ങൾക്കും മറ്റും പണം ആവശ്യമാണെന്നും മെറ്റേണൽ മോർട്ടാലിറ്റി റേറ്റ്, ചൈൽഡ് മോർട്ടാലിറ്റി റേറ്റ് എന്നിവ കുറയ്ക്കുന്നതിനുള്ള ട്രെയിനിംഗ് എസ്.എച്ച്.എസ്.ആർ.സി.യിൽ നടന്നു വരികയാണെന്നും അങ്ങനെ അത്യാവശ്യമുള്ള കാര്യങ്ങൾക്കായി കുറേക്കൂടി തുക ആവശ്യമാണെന്നും ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

മുഖ്യമന്ത്രി അംഗീകരിച്ച 'ആർദ്രം' പദ്ധതിയിൽ ഒരു റവന്യൂ താലൂക്കിൽ ഒരാശുപത്രിയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും മറ്റുള്ളവയെ സംബന്ധിച്ച് ധനമന്ത്രിക്ക് ഫയൽ അയച്ച് സംശയനിവാരണം വരുത്തണമെന്നും ഒന്നിലധികം പദ്ധതികളുണ്ടെങ്കിൽ 'ആർദ്ര'മല്ലാതെ മറ്റുള്ളവയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടിവരുമെന്നും ആരോഗ്യ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടപ്പോൾ ആർദ്രം പദ്ധതിയുടെ കൂടെ മറ്റ് പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതില്ലെന്നും മറ്റ് പദ്ധതികൾക്കായി ധനകാര്യ വകുപ്പ് അധികവിഹിതം അനുവദിക്കുകയാണെങ്കിൽ ആരോഗ്യവകുപ്പിന് നടപ്പിലാക്കാവുന്നതേയുള്ളൂ എന്നും സമിതി വിലയിരുത്തി.

അധിക വിഹിതം ആവശ്യപ്പെടുന്ന ശിപാർശകൾ ഓരോ വിഭാഗങ്ങളായി പരിശോധിക്കാമെന്ന് വകുപ്പ് സെക്രട്ടറി തുടർന്ന് അഭിപ്രായപ്പെട്ടു

# ആരോഗ്യ വകുപ്പ്

ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും

2210-01-110-13—അടിയന്തര വൈദ്യ ശുശ്രൂഷ ശക്തിപ്പെടുത്തൽ

ആലപ്പുഴ ജനറൽ ആശുപത്രിയിൽ അടിയന്തര വൈദ്യ ശുശ്രൂഷ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടുള്ള അടിസ്ഥാന സൗകര്യ വികസനം, അനുബന്ധ സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-14—പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ

സംസ്ഥാനത്ത് പുതിയതായി രണ്ട് ആശുപത്രികളിൽ കൂടി ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസനം, തസ്തിക സൃഷ്ടിക്കൽ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നീ ചെലവിനങ്ങൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-15—കൊല്ലം, എറണാകുളം, കോഴിക്കോട് ആശുപത്രികളിൽ കാത്ത് ലാബും, ഐ.സി.യു.വും സ്ഥാപിക്കൽ

ജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ഹൃദ്രോഗങ്ങൾ കണക്കിലെടുത്ത് ജില്ലാ ആശുപത്രികളിൽ കാത്ത് ലാബും ഐ.സി. യൂണിറ്റും സ്ഥാപിക്കുന്നതിനായി ഓരോ ആശുപത്രിയുടെയും അടിസ്ഥാന സൗകര്യവികസനം, അവശ്യതസ്തിക സൃഷ്ടിക്കൽ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവ നിർവ്വഹിക്കുന്നതിനും പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്ന സ്ഥാപനങ്ങളിൽ പദ്ധതി പൂർത്തീകരണത്തിനായും നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുകയും ആകയാൽ ഈ ശീർഷകത്തിൽ 1400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും തീരുമാനിക്കുകയും ചെയ്തു

2210-01-110-25—തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആസ്ഥാന ആശുപത്രികളിൽ പ്രസവ യൂണിറ്റ് സ്ഥാപിക്കൽ

താലൂക്ക് ആസ്ഥാനത്തുള്ള ആശുപത്രികളിൽ പ്രസവയൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-26—ലഹരി വിമുക്ത കേന്ദ്രങ്ങൾ

കോഴിക്കോട് മാനസിക ആരോഗ്യ കേന്ദ്രത്തിൽ ലഹരി വിമുക്ത കേന്ദ്രം ആരംഭിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-35—ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ

ആരോഗ്യ സ്ഥാപനങ്ങളിലെ നിലവാരം ഉയർത്തലിന്റെ ഭാഗമായി ഓരോ ജില്ലയിലും ഒരു ജില്ലാ ആശുപത്രി, ഓരോ താലൂക്കിലും ഒരു താലൂക്ക് ആശുപത്രി, ഓരോ റവന്യൂ ബ്ലോക്കിലും ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവ ശക്തിപ്പെടുത്തുന്നതിലേക്കായി സ്പെഷ്യാലിറ്റി സൗകര്യങ്ങൾ നടപ്പിലാക്കുക, ആശുപത്രിയിലേക്കുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആകയാൽ ഈ ശീർഷകത്തിൽ 2500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-84—മാനസിക ആരോഗ്യ കേന്ദ്രം, തൃശൂർ

തൃശ്ശൂർ മാനസിക ആരോഗ്യ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2235 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-85—മാനസിക ആരോഗ്യ കേന്ദ്രം, തിരുവനന്തപുരം

തിരുവനന്തപുരം മാനസിക ആരോഗ്യ കേന്ദ്രത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഫോറൻസിക് ലാബിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1700 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-06-003-90—സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രം, തിരുവനന്തപുരം

ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട മെഡിക്കൽ ഓഫീസർമാർക്കും സ്റ്റാഫ് നഴ്സുമാർക്കും പരിശീലനം നൽകുന്നതിനായുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-06-107-92—<u>നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള സൂക്ഷ്മ രോഗ നിർണ്ണയ പദ്ധതി</u>

നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള സൂക്ഷ്മ രോഗ നിർണ്ണയ പദ്ധതി സംസ്ഥാനത്തെ എല്ലാ പ്രസവാശുപത്രികളിലും വ്യാപിപ്പിക്കുന്നതിനായുള്ള ചെലവുകൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-107-99—<u>പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ</u>

പുതുതായി ആരംഭിച്ച മലപ്പുറത്തെ പബ്ലിക് ഹെൽത്ത് ലബോറട്ടറിയുടെ പ്രവർത്തനച്ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

4210-01-110-74—<u>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള നിർമ്മാണ ജോലികൾ</u>

നടപ്പുവർഷം ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനും നിർമ്മാണത്തിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5,000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-01-110-83—<u>മാനസിക ആരോഗ്യ കേന്ദ്രം, കോഴിക്കോട്</u>

01—ശമ്പളം

കോഴിക്കോട് മാനസിക ആരോഗ്യ കേന്ദ്രത്തിൽ പുതുതായി സൃഷ്ടിച്ച ലാബ് ടെക്നീഷ്യൻ തസ്തികയുടെ ശമ്പള ചെലവിനത്തിനായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.04 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-84—<u>മാനസിക ആരോഗ്യ കേന്ദ്രം, തൃശ്ശൂർ</u>

01—<u>ശമ്പളം</u>

തൃശ്ശൂർ മാനസിക ആരോഗ്യ കേന്ദ്രത്തിൽ പുതുതായി സൃഷ്ടിച്ച ഒരു ലാബ് ടെക്നീഷ്യൻ തസ്തികയുള്ള ശമ്പളചെലവിനത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.82 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-99-01—<u>ആശുപത്രികളും ഡിസ്പെൻസറികളും—ശമ്പളം</u>

പുതിയ തസ്തികകൾ സൃഷ്ടിച്ചതുമായി ബന്ധപ്പെട്ട ശമ്പളയിനത്തിലെ ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 672.12 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-01-110-99-05-1—<u>ആശുപത്രികളും ഡിസ്പെൻസറികളും—വെള്ളക്കരം</u>

2210-01-110-99-05-2—<u>വൈദ്യുതിചാർജ്ജ്</u>

വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും ഈ ഇനത്തിലുള്ള കടിശ്ശികയും അടയ്ക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-01-110-99-05-1 എന്ന ശീർഷകത്തിൽ 400 ലക്ഷം രൂപയും 2210-01-110-99-05-2 എന്ന ശീർഷകത്തിൽ 600 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-03-103-99-01—<u>പ്രാഥമിക ആരോഗ്യകേന്ദ്രം—ശമ്പളം</u>

പുതുതായി സൃഷ്ടിച്ച 48 ലാബ് ടെക്നീഷ്യൻ തസ്തികകൾക്കുള്ള ശമ്പള ചെലവിനത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 445.55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-03-110-99—<u>ആശുപത്രികളും ഡിസ്പെൻസറികളും, ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ</u>

01-1—<u>ശമ്പളം</u>

പുതിയ ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതിനാൽ നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 4.04 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2210-05-105-74-01—ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സമാരുടെയും പരിശീലനം—ശമ്പളം

പുതുതായി സൃഷ്ടിച്ച നഴ്സിംഗ് ട്യൂട്ടർമാരുടെ തസ്തികയുടെ ശമ്പള ചെലവിനത്തിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 54.57 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-05-105-74—ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സമാരുടെയും പരിശീലനം

05-1—വെള്ളക്കരം

05-2—വൈദ്യുതി ചാർജ്ജ്

ആശുപത്രികളുടെ നവീകരണവും ആധുനിക ഉപകരണങ്ങളുടെ ഉപയോഗവും മൂലം കൂടുതൽ അളവിൽ വൈദ്യുതിയും വെള്ളവും ഉപയോഗിക്കേണ്ടിവരുന്നതായി സമിതി മനസ്സിലാക്കുന്നു. വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും ഈ ഇനത്തിലുള്ള കുടിശ്ശികയും അടയ്ക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 2210-05-105-74-05-1 എന്ന ശീർഷകത്തിലും 2210-05-105-74-05-2 എന്ന ശീർഷകത്തിലും 1.5 ലക്ഷം രൂപ വീതം അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-05-105-74-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

സർക്കാർ വർദ്ധിപ്പിച്ച് അനുവദിച്ച സ്കോളർഷിപ്പ് തുക നൽകുന്നതിനുള്ള ചെലവിനത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 110 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-05-105-89-01—ആതുര പരിചരണ ശാസ്ത്ര വിദ്യാലയം—ശമ്പളം

പുതുതായി സൃഷ്ടിച്ച നഴ്സിംഗ് ട്യൂട്ടർ തസ്തികകൾക്കുള്ള ശമ്പള ചെലവിനത്തിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5.45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-003-94—<u>കൊല്ലത്തുള്ള ശാസ്താംകോട്ടയിൽ പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി ഒരു നേഴ്സിംഗ് സ്കൂൾ</u>

പുതുതായി സൃഷ്ടിച്ച നഴ്സിംഗ് ട്യൂട്ടർ തസ്തികയ്ക്കുള്ള ശമ്പള ചെലവിനത്തിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 71.42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-107-99—<u>പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ</u>

പുതുതായി സൃഷ്ടിച്ച എട്ട് ലാബ് ടെക്നീഷ്യൻമാരുടെ ശമ്പള ചെലവിനത്തിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 31.72 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

2210-05-105-98-34-3—<u>അലോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം—മറ്റിനം</u>

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോട് അനുബന്ധിച്ചുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്കും അവിടെ സ്ഥാപിച്ചിട്ടുള്ള യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപണികൾക്കും പുതിയ ജീവനക്കാരെ നിയമിക്കുമ്പോഴുണ്ടാകുന്ന ചെലവിനത്തിനുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 725 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ഭക്ഷ്യ സുരക്ഷാ വകുപ്പ്

2210-06-102-99—<u>ഭക്ഷ്യകാര്യഭരണം</u>

97—<u>വാഹനങ്ങളുടെ വാടക</u>

ഓഫീസ് ആവശ്യത്തിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ഉൾപ്പെടെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിലെ സംസ്ഥാനതല ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ എൻഫോഴ്സ്മെന്റ് കാര്യങ്ങൾക്കും വകുപ്പിന്റെ പ്രധാന പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉത്സവ സീസണുകളിലെ സ്ക്വാഡ് പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടക ഇനത്തിൽ ഈ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-102-99—<u>ഭക്ഷ്യകാര്യഭരണം</u>

04-1—<u>യാത്രാബത്ത</u>

ഭക്ഷ്യസുരക്ഷാ കമ്മീഷണർ, സംസ്ഥാനതല ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്കും ശബരിമല മണ്ഡല മകരവിളക്ക് കാലയളവിൽ പമ്പ, എരുമേലി, സന്നിധാനം എന്നിവിടങ്ങളിൽ ജോലിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥർ, കേസ്സുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ ഡ്യൂട്ടിക്ക് ഹാജരാകേണ്ട ഉദ്യോഗസ്ഥർ എന്നിവർക്കും നൽകേണ്ട യാത്രാബത്ത ഇനത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-102-99—<u>ഭക്ഷ്യകാര്യ ഭരണം</u>

05—<u>ഓഫീസ് ചെലവുകൾ</u>

ഭക്ഷ്യസുരക്ഷാ വകുപ്പിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുതിയ 90 സർക്കിൾ ഓഫീസുകൾ പ്രവർത്തനമാരംഭിക്കുന്നതിനാൽ വൈദ്യുത, ടെലഫോൺചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 2210-06-102-99-05-2 എന്ന ശീർഷകത്തിൽ 4 ലക്ഷം രൂപയും 2210-06-102-99-05-3 എന്ന ശീർഷകത്തിൽ 7 ലക്ഷം രൂപയും വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-06-102-99—<u>ഭക്ഷ്യകാര്യഭരണം</u>

06—<u>വാടക, കരം, നികുതി</u>

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിലുള്ള 80-ഓളം ഫുഡ് സേഫ്റ്റി സർക്കിൾ ഓഫീസുകൾ, കോട്ടയം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിലെ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരുടെ ഓഫീസുകൾ എന്നിവ വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയ്ക്ക് വാടക നൽകുന്ന ഇനത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-06-102-99—<u>ഭക്ഷ്യകാര്യഭരണം</u>

21-1—<u>വാഹനം വാങ്ങൽ</u>

ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഉദ്യോഗസ്ഥർക്ക് സഞ്ചരിക്കുവാനായി വാഹനങ്ങൾ വാങ്ങുന്നതിന് നടപ്പുസാമ്പത്തികവർഷം ടോക്കൺ പ്രൊവിഷൻ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-06-107-98—<u>ഗവൺമെന്റ് അനിലിസ്റ്റ്സ് ലബോറട്ടറി, തിരുവനന്തപുരം</u>

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ മൂന്ന് മേഖലാ ലാബുകളിലും എൻ.എ.ബി.എൽ. അക്രഡിറ്റേഷന്റെ ഭാഗമായി അതിനൂതന ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാൽ വൈദ്യുതി ഉപഭോഗവും ഇന്റർനെറ്റ് ഉപയോഗവും പതിൻമടങ്ങ് വർദ്ധിക്കും. ഈ സാഹചര്യത്തിൽ പ്രസ്തുത ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2210-06-107-98-05-2 എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപയും 2210-06-107-98-05-3 എന്ന ശീർഷകത്തിൽ 50,000 രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

## കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്

2210-80-190-99-36—<u>സഹായധനം—ശമ്പളേതരം</u>

2011-12-ൽ ആരംഭിച്ച ഈ പദ്ധതിയുടെ മൂലധന ചെലവിനായി 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടായിരുന്നെങ്കിലും നാളിതുവരെ പ്രസ്തുത തുക വകയിരുത്തിയിട്ടില്ലെന്നും അതേ സമയം സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള അളവിൽ, യഥാസമയം ജീവൻരക്ഷാമരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തി. അടിയന്തിര പ്രാധാന്യമുള്ള വിഷയമായതിനാൽ, കോർപ്പറേഷന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയ്ക്കു പുറമെ മുൻവർഷങ്ങളിൽ ലഭിക്കാനുള്ള കുടിശ്ശിക തുകയായ 51258 ലക്ഷം രൂപയും മൂലധന ചെലവിനുള്ള 5000 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ 56258 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

## കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

2210-05-001-93—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ മറ്റ് പദ്ധതികൾക്ക് പുറമെ യൂട്ടിലിറ്റി മന്ദിരത്തിന്റെ നിർമ്മാണം, സെനറ്റ് ഹാളിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 740 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-05-001-93—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ

31—സഹായധനം—ശമ്പളം

മെഡിക്കൽ സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ ഈ സാമ്പത്തികവർഷം പര്യാപ്തമായ തുക വകയിരുത്തിയിട്ടില്ല എന്നും കഴിഞ്ഞ സാമ്പത്തിക വർഷം സർവ്വകലാശാലയുടെ സ്വന്തം ഫണ്ടിൽ നിന്നടക്കം 9.03 കോടി രൂപ ശമ്പളയിനത്തിൽ ചെലവായിട്ടുള്ളതായും സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 799.99 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2210-05-001-93—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ

36—സഹായധനം—ശമ്പളേതരം

അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിൽ, അദ്ധ്യാപക വിദ്യാർത്ഥി ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല സജ്ജമാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന കോർപ്പസ് ഫണ്ടിനുവേണ്ടി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

## ഇംഹാൻസ്
## (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസ്)

2210-05-200-95-31—മാനസികാരോഗ്യം, നാഡീവ്യൂഹം സംബന്ധിച്ച ശാസ്ത്രം തുടങ്ങിയവയുള്ള പഠനകേന്ദ്രം—സഹായധനം—ശമ്പളം

ഇംഹാൻസിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും ഡയറക്ടറുടെയും ശമ്പള ചെലവിനത്തിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 39.79 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

## ഐക്കോൺസ്

[സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡേഴ്സ് (എസ്.ആർ.സി.സി.ഡി.)]

2210-05-105-36

ഐക്കോൺസിന്റെ ഷൊർണ്ണൂർ സെന്ററിലെ അക്കാദമിക് ബ്ലോക്കിന്റെയും തിരുവനന്തപുരം സെന്ററിലെ ഐ.പി. ബ്ലോക്കിന്റെയും നിർമ്മാണത്തിനും വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ-പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വിവിധ തെറാപ്പികളിൽ യോഗ്യതയുള്ളവരുടെ സേവനത്തിനായുള്ള മാനവശേഷി സമാഹരണത്തിന്റെ ചെലവിനുമായി നടപ്പുസാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 200 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 257 ലക്ഷം രൂപയും അധിക വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## റീജിയണൽ കാൻസർ സെന്റർ

2210-05-105-52-31—<u>പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം—സഹായധനം—ശമ്പളം</u>

2210-05-105-52-36—<u>പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം—സഹായധനം—ശമ്പളേതരം</u>

ആർ.സി.സി.യിലെ ജീവനക്കാർക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിയ ശമ്പളസ്കെയിൽ പ്രകാരമുള്ള വേതനം നൽകുന്നതിനായും ആർ.സി.സി. നടപ്പിലാക്കിയ പെൻഷൻ പദ്ധതിയുടെ തൊഴിലുടമ വിഹിതമായി കോർപ്പസ് ഫണ്ടിൽ അടയ്ക്കുന്നതിനുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ആയതിനാൽ 2210-05-105-52-31 എന്ന ശീർഷകത്തിൽ 1767 ലക്ഷം രൂപയും 2210-05-105-52-36 എന്ന ശീർഷകത്തിൽ 756 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

## മലബാർ കാൻസർ സെന്റർ

2210-05-200-96—<u>മലബാർ കാൻസർ സെന്ററിന് സഹായം</u>

31—<u>സഹായധനം—ശമ്പളം</u>

2210-05-200-96-35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

2210-05-200-96-36—<u>സഹായധനം—ശമ്പളേതരം</u>

മലബാർ കാൻസർ സെന്ററിന് ന്യൂക്ലിയർ മെഡിസിൻ വിഭാഗം ആരംഭിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 700 ലക്ഷം രൂപയും ലബോറട്ടറി ബ്ലോക്കിന്റെ

നിർമ്മാണത്തിനായി 380 ലക്ഷം രൂപയും പി.എ.സി.എസ്. (പിക്ച്ചർ ആർച്ചീവിംഗ് ആന്റ് കമ്മ്യൂണിക്കേഷൻ സിസ്റ്റം) സംവിധാനം സജ്ജീകരിക്കുന്നതിലേക്കായി 20 ലക്ഷം രൂപയും ജനറൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 525 ലക്ഷം രൂപയും ചെലവ് വരുമെന്ന് സമിതി വിലയിരുത്തി. നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്ക് അപര്യാപ്തമായതിനാൽ, 1625 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## നാഷണൽ ഹെൽത്ത് മിഷൻ

2210-06-101-19—ദേശീയ ആരോഗ്യദൗത്യം—കേന്ദ്രാവിഷ്കൃതം (60:40)

2017-18 സാമ്പത്തികവർഷം സംസ്ഥാനത്ത് 699.98 കോടി രൂപയുടെ എൻ.എച്ച്.എം. പദ്ധതിയാണ് കേന്ദ്രം ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൽ 83.37 കോടി രൂപ കുടുംബക്ഷേമ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതിനാൽ ബാക്കി തുകയായ 616.61 കോടി രൂപയാണ് പദ്ധതി പ്രവർത്തനങ്ങൾക്കായി ആവശ്യമായി വരുന്നതെന്നും എന്നാൽ നടപ്പു സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 500 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും ആയതിനാൽ, പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ 11661 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-112-98—ആശാവർക്കർമാർക്കുള്ള അലവൻസ്

ആശാവർക്കർമാരുടെ പ്രതിമാസ ഓണറേറിയം 1,500 രൂപയിൽ നിന്ന് 2,000 രൂപ ആയി വർദ്ധിപ്പിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനമുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയതിനാൽ, ഈ ശീർഷകത്തിൽ 2956.24 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

2210-06-104-98—മരുന്നുപരീക്ഷണശാല

06—വാടക, കരം, നികുതി

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കാര്യാലയങ്ങളുടെ വാടകകുടിശ്ശിക നൽകുന്നതിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-06-104-98-19—യന്ത്രോപകരണങ്ങൾ

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ മരുന്ന് പരിശോധന സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 550 ലക്ഷത്തിലധികം രൂപ ആവശ്യമായി വരുമെന്ന് സമിതി വിലയിരുത്തിയ സമിതി ഇതിനായി വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേക്ക് 400.10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-06-104-98-21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

ഡ്രഗ്സ് കൺട്രോൾ വകുപ്പിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

2210-01-200-93—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തി പൊതുജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം നടത്തുവാനായി ആവശ്യമുള്ള ഫർണിച്ചറുകൾ, ലബോറട്ടറി ഉപകരണങ്ങൾ, മറ്റ് യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ നിയോഗിക്കുന്നതിനുമുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിലേക്ക് പദ്ധതിയേതര അധികവിഹിതമായി 179.56 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XIX—കുടുംബക്ഷേമം

2211-00-800-93—ധനസഹായം—കേന്ദ്രാവിഷ്കൃത പദ്ധതി (60:40)

2016-17 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെയും 2015-16 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിലെയും ധനസഹായം നൽകുന്നതിനായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 180 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2211-00-800-95—<u>കുടുംബാസൂത്രണ ശസ്ത്രക്രിയയിൽ പരാജയം സംഭവിച്ചവർക്ക് നഷ്ടപരിഹാരം</u>

കുടുംബാസൂത്രണ ശസ്ത്രക്രിയയിൽ പരാജയം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപ്പുസാമ്പത്തികവർഷം ടോക്കൺ പ്രൊവിഷൻ മാത്രം വകയിരുത്തിയിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 64.2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ആയുഷ് വകുപ്പിനെ സംബന്ധിച്ച ധനാഭ്യർത്ഥനകൾ അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിന് സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.45 മണിക്ക് അവസാനിച്ചു.

## ആരോഗ്യവും കുടുംബക്ഷേമവും

### 29-3-2017-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII 2017 മാർച്ച് 29-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. കാരാട്ട് റസാഖ്
3. ശ്രീ. ബി. സത്യൻ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ഡോ. ബി. അശോക്, സെക്രട്ടറി, ആയുഷ് വകുപ്പ്
2. ശ്രീ. ജേക്കബ് കോശി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി എൽ. ഗീത, അഡീഷണൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
4. ഡോ. അനിത ജേക്കബ്, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
5. ഡോ. പി. കെ. അശോക്, ഡയറക്ടർ, ആയുർവ്വേദ മെഡിക്കൽ എഡ്യൂക്കേഷൻ
6. ഡോ. കെ. ജമുന, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
7. ഡോ. വി. ആർ. രാജു, അഡീഷണൽ ഡയറക്ടർ & ഡയറക്ടർ (ഇൻ ചാർജ്), ഹെൽത്ത് സർവ്വീസസ്

8. ഡോ. സി. ജയ, പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ (ഇൻ-ചാർജ്), ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം

9. ശ്രീ. കേശവേന്ദ്ര കുമാർ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ

10. ശ്രീ. കെ. വി. ഉത്തമൻ, മാനേജിംഗ് ഡയറക്ടർ, ഔഷധി

11. ശ്രീ. കെ. രാധാകൃഷ്ണൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്, കേരള.

2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി XVIII നമ്പർ ധനാഭ്യർത്ഥനയുടെ ആയുഷ് വകുപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളും XX, XXX നമ്പർ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ശീർഷകങ്ങളും പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

2215-02-105-99—ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങൾ

ശമ്പള പരിഷ്കരണം, വേതന വർദ്ധനവ്, ഇന്ധനവില വർദ്ധനവ് എന്നീ കാരണങ്ങളാലും ജീവനക്കാരുടെ യാത്രാബത്ത, ദിവസവേതനക്കാരുടെ വേതനം എന്നിവ നൽകുന്നതിനും, മരുന്നുകളും കെമിക്കൽസും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനും, ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി. ഇക്കാര്യം വിശദമായി പരിശോധിച്ച സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുകകൾ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

2215-02-105-99-45 (POL)—ഇന്ധനചെലവ്—1 ലക്ഷം രൂപ

2215-02-105-99-04-1—യാത്രാബത്ത—114 ലക്ഷം രൂപ

2215-02-105-99-24—സാധനസാമഗ്രികൾ—5 ലക്ഷം രൂപ

2215-02-105-99-34-3—മറ്റിനങ്ങൾ—6 ലക്ഷം രൂപ

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

(2236—പോഷകാഹാരം)

2236-02-101-99—പൊതുജനാരോഗ്യം പ്രയുക്ത പോഷകാഹാര പരിപാടികൾ

പ്രത്യേക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി, ടെലഫോൺ എന്നീ ഇനങ്ങളിലെ മുൻവർഷത്തെ കുടിശ്ശിക ചെലവുൾപ്പെടെ നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2236-02-101-99-05-2—വൈദ്യുതി ചെലവ് എന്ന ശീർഷകത്തിൽ 95,000 രൂപയും 2236-02-101-99-05-3—ടെലഫോൺ ചാർജ് എന്ന ശീർഷകത്തിൽ 4,000 രൂപയും 2236-02-101-99-05-4—മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 3,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

## ആയുഷ് വകുപ്പ്

2014-ലാണ് ആരോഗ്യ വകുപ്പിൽനിന്നും വേർപെടുത്തി ആയുഷ് വകുപ്പ് പ്രത്യേകമായി രൂപീകരിച്ചതെന്നും പ്രസ്തുത വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇനിയും ലഭ്യമാക്കേണ്ടതുണ്ടെന്നും ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഹോമിയോ ഡയറക്ടറേറ്റിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും യുനാനി, സിദ്ധ, ആയുർവ്വേദം എന്നീ ഡയറക്ടറേറ്റുകൾക്ക് ഇനിയും തുക അധികമായി വകയിരുത്തേണ്ടിവരുമെന്നും കേന്ദ്രസർക്കാരിൽ നിന്നും ആയുഷ് വകുപ്പിന് ലഭിക്കുന്ന തുക വളരെ കുറവാണെന്നും വളരെ വിപുലമായി പ്രവർത്തിക്കേണ്ട ആയുഷ് വകുപ്പിനുകീഴിലുള്ള സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് പോലും ചെറിയ ബഡ്ജറ്റ് വിഹിതം കൊണ്ടാണ് കാര്യങ്ങൾ നടത്തുന്നതെന്നും വലിയൊരു വിപുലീകരണം ആവശ്യമായ ഔഷധി പോലൊരു സ്ഥാപനം പോലും ആവശ്യമായ തുക ആവശ്യപ്പെടുന്നതിന് മടിച്ചു നിൽക്കുകയാണെന്നും ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

ഹോംകോയെ മികച്ച രീതിയിൽ വളർത്തിയെടുക്കണമെന്നും അന്യംനിന്നുപോകുന്ന ചെടികളൊക്കെ കൃഷി ചെയ്യാനുള്ള സാധ്യത വിപുലപ്പെടുത്തിയെടുക്കണമെന്നും കേരളത്തിൽ വളരെയേറെ വികസനസാധ്യതയുള്ള ഒരു മേഖലയാണ് ആയുഷ് മേഖലയെന്നും വിപുലമായ രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ മുന്നിൽ കണ്ട് അതിനനുസരിച്ചുള്ള കാഴ്ചപ്പാടോടുകൂടി വേണം അധികതുക ആവശ്യപ്പെടേണ്ടതെന്നും ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

ആയുഷ് വകുപ്പിനായി കൂടുതൽ തുകയൊന്നും ആവശ്യപ്പെട്ടിട്ടില്ലെന്നും പദ്ധതിയിനത്തിൽ 90 കോടി രൂപയിലധികം തുക ആവശ്യപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്തുകൾ മുതൽമുടക്കുന്ന തുകയുടെ നടപ്പുസാമ്പത്തികവർഷത്തെ ജില്ല തിരിച്ചുള്ള കണക്കുകൾ വന്നിട്ടില്ലായെന്നും ആയുഷ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ ആയുഷ് മിഷൻ കൂടി ഉൾപ്പെടുമ്പോൾ 100 കോടി രൂപയോളം പദ്ധതിയിനത്തിൽ മാത്രം ആവശ്യമായി വരുമെന്നും ആയുഷ് വകുപ്പ് സെക്രട്ടറി വിശദീകരിച്ചു. കേരളത്തിൽ ആയുർവ്വേദം പൂർണ്ണമായും വ്യാവസായിക മേഖലയിലാണെന്നും രാജ്യത്തെ ആയുർവ്വേദമരുന്ന് നിർമ്മാണത്തിന്റെ 50 ശതമാനവും കേരളത്തിലാണെന്നും മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മരുന്നുകളുടെ ഗുണനിലവാരം കൂടുതലാണെന്നും 10,000 കോടിയോളം രൂപയുടെ വിറ്റുവരവും ഒരു ലക്ഷം പേർക്ക് തൊഴിലും നൽകുന്ന ഈ മേഖലയെ കൂടുതൽ തുക ചെലവഴിച്ച് ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും മരുന്ന് നിർമ്മാണത്തിന്റെ കാര്യത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ കമ്പനികൾക്ക് കഴിയും എന്ന് പറയാൻ കഴിയില്ലെന്നും ഗുണനിലവാരം ഉറപ്പുവരുത്തേണ്ട ചുമതല ഡ്രഗ്സ് കൺട്രോളർക്കാണെന്നും ആവശ്യത്തിന് സ്റ്റാഫ് ഇല്ലാത്തതിനാൽ വകുപ്പിന് ഫലപ്രദമായി പ്രവർത്തിക്കാൻ പ്രയാസമുണ്ടെന്നും ആയുഷ് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## ഭാരതീയ ചികിത്സാ വകുപ്പ്

2210-02-101-64—<u>വിദ്യാലയ ആരോഗ്യ പരിപാടികൾ</u>

വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് മൂന്ന് ജില്ലകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ നാല് ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഇതിനാവശ്യമായ ചെലവുകൾക്കും ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-65—<u>ജീവനിയും പുനർനവയും</u>

പ്രമേഹം ഒരു പ്രധാന ആരോഗ്യ പ്രശ്നമായി മാറുന്ന സാഹചര്യത്തിൽ പ്രമേഹരോഗത്തെ ഫലപ്രദമായി തരണം ചെയ്യുന്നതിനും പ്രമേഹരോഗികളെ പുനരധിവസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് മൂന്ന് ജില്ലകളിൽ ആരംഭിച്ച പദ്ധതി നാല് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുവാൻ തീരുമാനിച്ചതായി സമിതിയിൽ വെളിവാക്കപ്പെട്ടു.

ഇതിനാവശ്യമായ ചെലവുകൾക്കും ബോധവൽക്കരണ പരിപാടികൾ, മരുന്നുകൾ, മറ്റ് ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-66—<u>ഭാരതീയ ചികിത്സാ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും നവീകരണവും</u>

ഭാരതീയ ചികിത്സാ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളുടെ നവീകരണം, നിലവാരം ഉയർത്തൽ, മരുന്നുവാങ്ങൽ തുടങ്ങിയ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുമായി വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-84—<u>മാനസികാരോഗ്യ ഗവേഷണ സ്ഥാപനം</u>

കോട്ടയ്ക്കൽ മാനസികാരോഗ്യ ഗവേഷണ കേന്ദ്രത്തിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-97—<u>മറ്റാശുപത്രികളും ഡിസ്പെൻസറികളും</u>

ആയുർവ്വേദ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യാത്രാബത്തയുടെ ചെലവിനത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-191-50—<u>കോർപ്പറേഷനുകൾക്കുള്ള ധനസഹായം—സാധനസാമഗ്രികൾ</u>

2210-02-192-50—<u>മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം—സാധനസാമഗ്രികൾ</u>

2210-02-197-50—<u>ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം—സാധനസാമഗ്രികൾ</u>

ആയുർവ്വേദ ആശുപത്രികളിൽ ഭക്ഷണത്തിനായി നിലവിൽ ഒരു രോഗിക്ക് 30 രൂപ നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ തുക തുലോം തുച്ഛവും

അപര്യാപ്തവുമാണെന്നും ആയത് കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണെന്നും സമിതി വിലയിരുത്തി. ആയതിനാൽ ആയുർവേദ ആശുപത്രികളിൽ ഒരു രോഗിയുടെ ഭക്ഷണത്തിനായി അനുവദിച്ചിരിക്കുന്ന തുക 30 രൂപയിൽ നിന്നും 75 രൂപയായി വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

പതിനാല് ജില്ലകളിൽ ആയുർവേദ സ്ഥാപനങ്ങളിലെ രോഗികൾക്കായുള്ള ഭക്ഷണം, കഷായം എന്നിവയ്ക്കും, ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള ഇന്ധന ചെലവിനും, സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും സമിതി ശിപാർശ ചെയ്ത പ്രകാരം വർദ്ധിപ്പിച്ച ഭക്ഷണ നിരക്ക് നൽകുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം—സാധനസാമഗ്രികൾ എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം -സാധനസാമഗ്രികൾ എന്ന ശീർഷകത്തിൽ 160 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം—സാധനസാമഗ്രികൾ എന്ന ശീർഷകത്തിൽ 15.40 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

2210-05-101-50—<u>ആയുർവേദവും ആധുനിക ജൈവസാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദ്ദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠന കേന്ദ്രവും സ്ഥാപിക്കൽ</u>

4210-03-101-82—<u>ആയുർവേദവും ആധുനിക ജൈവസാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദ്ദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠന കേന്ദ്രവും സ്ഥാപിക്കൽ</u>

ആയുർവേദവും ആധുനിക ജൈവസാങ്കേതികവിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദ്ദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും (ഐ.ആർ.ഐ.എ.) സ്ഥാപിക്കുന്നതിനും ലബോറട്ടറി ഉപകരണങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി മൂലധന ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ ശമ്പളം, മറ്റ് ചെലവുകൾ തുടങ്ങിയ ഭരണപരമായ കാര്യങ്ങൾക്കായി റവന്യൂ ശീർഷകത്തിൽ നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ 200 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-05-001-98-01—ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം—ശമ്പളം

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ പുതുതായി സൃഷ്ടിക്കപ്പെടുന്ന തസ്തികകളുടെ ശമ്പള ചെലവിനത്തിനായി നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 40 ലക്ഷം രൂപ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

**ആയുർവ്വേദ മെഡിക്കൽ കോളേജ്, ഒല്ലൂർ**

2210-05-101-65—ഒല്ലൂർ ആയുർവ്വേദ മെഡിക്കൽ കോളേജിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പളം നേരിട്ട് നൽകുന്നതിന്

ഒല്ലൂർ ആയുർവ്വേദ കോളേജിലെ അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളവും മറ്റ് അലവൻസുകളും കുടിശ്ശികയും നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 200 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-96—ആയുർവ്വേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ

12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ആയുർവ്വേദ ഇന്റേൺഷിപ്പ് വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 20,000 രൂപയായും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 25,000 രൂപയായും വർദ്ധിപ്പിച്ചതിനാൽ നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുകയും ആയതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ**

4210-03-101-93—സ്ഥലമെടുപ്പും കെട്ടിടനിർമ്മാണവും

കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ സി.ഡി.ഐ.എം. മാർഗ്ഗനിർദ്ദേശ പ്രകാരവും എം.എസ്.ആർ. പ്രകാരവും ആവശ്യമായ സൗകര്യങ്ങൾ നിലവിലില്ലാത്തതിനാൽ

പുതിയ അക്കാദമിക്ക് ബ്ലോക്ക് കെട്ടിട നിർമ്മാണം അടിയന്തരാവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ആയതിനാൽ പ്രസ്തുത നിർമ്മാണ ആവശ്യത്തിനായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

2210-05-101-79—<u>ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ</u>

കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ കരം, നികുതി തുടങ്ങി കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് നൽകുന്നതിനുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-79-01-4—<u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>—7.25 ലക്ഷം രൂപ

2210-05-101-79-04-1—<u>യാത്രാബത്ത</u>—35,000 രൂപ

2210-05-101-79-06—<u>വാടക, കരം, നികുതി</u>—84,000 രൂപ

2210-05-101-79-12—<u>സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും</u>—50 ലക്ഷം രൂപ

## ഹോമിയോ ചികിത്സാ വകുപ്പ്

2210-02-001-95—<u>ഹോമിയോപ്പതി ജില്ലാ കാര്യാലയങ്ങൾ</u>

നടപ്പുസാമ്പത്തികവർഷം ഹോമിയോപ്പതി ജില്ലാ കാര്യാലയങ്ങളുടെ ടെലഫോൺ ചാർജ്ജ്, മറ്റ് ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ, 2210-02-001-95-05-3 എന്ന ശീർഷകത്തിൽ 2.60 ലക്ഷം രൂപയും 2210-02-001-95-05-4 എന്ന ശീർഷകത്തിൽ 1.00 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2210-02-102-99-04-1—<u>ആശുപത്രികളും ഡിസ്പെൻസറികളും—യാത്രാബത്ത</u>

നടപ്പുസാമ്പത്തികവർഷം ഹോമിയോ ചികിത്സാ വകുപ്പിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 1.00 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ഹോമിയോ ആശുപത്രികളിൽ ഭക്ഷണത്തിനായി നിലവിൽ ഒരു രോഗിക്ക് 30 രൂപ നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ തുക തുച്ഛവും അപര്യാപ്തവുമാണെന്നും ആയത് കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുകയും ആയതിനാൽ ഹോമിയോ ആശുപത്രികളിൽ ഒരു രോഗിയുടെ ഭക്ഷണത്തിനായി അനുവദിച്ചിരിക്കുന്ന തുക 30 രൂപയിൽ നിന്നും 75 രൂപയായി വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

പതിനാല് ജില്ലകളിൽ ഹോമിയോ സ്ഥാപനങ്ങളിലെ രോഗികൾക്ക് സമിതി ശിപാർശ ചെയ്ത പ്രകാരം വർദ്ധിപ്പിച്ച ഭക്ഷണ നിരക്ക് നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആയതിനാൽ ഈ ശീർഷകത്തിൽ 180 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

2210-05-102-98—<u>ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്</u>

കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നതിനും വൈദ്യുതി ചാർജ് അടയ്ക്കുന്നതിനും ദിവസവേതനക്കാരുടെ ശമ്പള ചെലവുകൾ നിർവ്വഹിക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-102-98-12—<u>സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ്</u>—53.52 ലക്ഷം രൂപ

2210-05-102-98-02-5—<u>ദിവസവേതനം</u>—100 ലക്ഷം രൂപ

2210-05-102-98-34-2—<u>വൈദ്യുതി ചെലവ്</u>—2.05 ലക്ഷം രൂപ

## ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട്

2210-02-102-97—<u>ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട്</u>

കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജ് ആശുപത്രിയിലെ ടെലിഫോൺ ചാർജ്, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവ

നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ടെലിഫോൺ ചാർജ്ജിനത്തിൽ 10,000 രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഇനത്തിൽ 70 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-102-99—<u>ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>

തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ ദിവസവേതനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം നൽകുന്നതിനും ജീവനക്കാരുടെ അവധി യാത്രാനുകൂല്യം, കോളേജിലെ ടെലിഫോൺ ചാർജ്, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവ നൽകുന്നതിനായും നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-102-99-02-5—<u>ദിവസവേതനം</u>—20 ലക്ഷം രൂപ

2210-05-102-99-04-4—<u>അവധി യാത്രാനുകൂല്യം</u>—1 ലക്ഷം രൂപ

2210-05-102-99-05-3—<u>ടെലഫോൺ ചാർജ്</u>—1 ലക്ഷം രൂപ

2210-05-102-99-12—<u>സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>—50 ലക്ഷം രൂപ

**ഹോംകോ**

2210-02-195-99—<u>കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി (ലിമിറ്റഡ്)യുള്ള ധനസഹായം</u>

ഹോംകോയുടെ വികസനം, നിലവിലുള്ള ഫാക്ടറി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനം, തിരുവനന്തപുരത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഔഷധ നിർമ്മാണ യൂണിറ്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പദ്ധതികൾക്കായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 1050 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ഔഷധി

### 4210-04-190-98—കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ

ഔഷധിയുടെ പ്രവർത്തനം കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും നിലവിലെ ഫാക്ടറി, പി.എം. സ്റ്റോർ, പഞ്ചകർമ്മ ആശുപത്രി എന്നിവയുടെ നവീകരണത്തിനും ആർ&ഡി വിഭാഗത്തിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും കണ്ണൂരിൽ ഫാർമ പാർക്ക് സ്ഥാപിക്കുന്നതിനും കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷന് അസംസ്കൃത വസ്തുക്കൾ കഴുകി ഉണക്കുന്നതിനുള്ള സംവിധാനം സ്ഥാപിക്കുന്നതിനും കോർപ്പറേഷന് ഭൂമി വാങ്ങുന്നതിനുമായി വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ മേൽ വികസന പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 4350 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## സംസ്ഥാന ഔഷധ സസ്യ ബോർഡ്, കേരളം

### 2210-05-101-60—സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്, കേരളം

സംസ്ഥാന ഔഷധ സസ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഔഷധ സസ്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി എല്ലാ വിദ്യാലയങ്ങളിലും ഔഷധത്തോട്ടം പദ്ധതി നടപ്പിലാക്കുന്നതിനും പൊതുജനങ്ങൾക്കും കർഷകർക്കും കൃഷി ചെയ്യുന്നതിനായി ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ തൈകൾ കുറഞ്ഞ നിരക്കിൽ/സൗജന്യമായി ലഭ്യമാക്കുന്നതിനും കേരളത്തിലെ എല്ലാ ഗൃഹങ്ങളിലും ആര്യവേപ്പിന്റെയും കറിവേപ്പിന്റെയും ഓരോ തൈകൾ വീതം എത്തിക്കുന്നതിനുള്ള ഗൃഹചൈതന്യ പദ്ധതി നടപ്പിലാക്കുന്നതിനും വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 74 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

യോഗം ഉച്ചയ്ക്കുശേഷം 1.30 മണിക്ക് അവസാനിച്ചു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.